# Kerala private college teacher

AKPCTA

No. 103
February '92

# യു ജി സി സ്കെയിൽ : കോളേജുകളിൽ ധർണ

യു. ജി. സി. സ്കെയിൽ ഫിക്സേഷനിൽ വന്നിട്ടുള്ള കാലതാമസത്തിൽ പ്രതിഷേധിച്ച് എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ കോളേജുകളിലും അധ്യാപകർ ധർണ നടത്തി. യു ജി സി ശമ്പളപരിഷ്കാരം ഉത്തരവായിട്ട് രണ്ടുവർഷം തികയുന്നു. എന്നിട്ടും അധ്യാപകർക്ക് അത് ലഭിക്കാത്തതിലുള്ള ശക്തമായ പ്രതിഷേധം ധർണയിൽ പങ്കെടുത്ത അധ്യാപകർ പ്രകടിപ്പിച്ചു.

ധർണ വമ്പിച്ച വിജയമാക്കിയ എല്ലാ അധ്യാപകരേയും ജനറൽ സെക്രട്ടറി പ്രൊഫ. ടി എൻ രാമൻപിള്ള അഭിനന്ദിച്ചു.

# സംസ്ഥാന സമ്മേളനം: സ്വാഗത സംഘം രൂപീകരിച്ചു

ആലപ്പുഴയിൽ 1992 മാർച്ച് 20, 21, 22 തീയതികളിൽ നടക്കുന്ന എ കെ പി സി ടി എ സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള സ്വാഗതസംഘം രൂപീകരിച്ചു. ഫെബ്രുവരി 4-ാം തീയതി ആലപ്പുഴയിൽ നടന്ന വിപുലമായ സ്വാഗത സംഘ രൂപീകരണ യോഗത്തിൽ വിവിധ അധ്യാപക സർവ്വീസ് സംഘടനാ പ്രവർത്തകരും , എ കെ പി സി ടി എ അംഗങ്ങളും പങ്കെടുത്തു. യോഗത്തിൽ ജില്ലാ കൗൺസിൽ പ്രസിഡൻറ് ജി. സുധാകരൻ അധ്യക്ഷത വഹിച്ചു.

സ്വാഗതസംഘം രക്ഷാധികാരികളായി സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, കെ. ആർ . ഗൗരിയമ്മ, ടി. ജെ. ആഞ്ചലോസ്, വി. കേശവൻ, കെ. പി. രാമചന്ദ്രൻ നായർ, റവ: ഡോ. പീററർ എം. ചേനപ്പറമ്പിൽ, പി. വേണുഗോപാൽ, ബി. ഗിരിരാജൻ എന്നിവരെ നിശ്ചയിച്ചു. ജി. സുധാകരനാണ് ചെയർമാൻ. ജനറൽ കൺവീനറായി എ കെ പി സി ടി എ ജില്ലാ സെക്രട്ടറി പ്രൊഫ. പി. രവീന്ദ്രൻ നായരെ തെരഞ്ഞെടുത്തു. കായംകുളം എം. എസ്. എം, കോളേജിലെ പ്രൊഫ. എ. ശ്രീധരൻ പിള്ളയാണ് ഫിനാൻസ് കമ്മിററി കൺവീനർ. സമ്മേളനത്തിൻെറ വിജയകരമായ നടത്തിപ്പിനായി നൂററിഒന്നുപേരുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിററിയേയും തെരഞ്ഞെടുത്തിട്ടുണ്ട്.


# കേരള പ്രൈവററ് കോളേജ് ടീച്ചർ

എ കെ പി സി ടി എ മുഖപത്രം
ലക്കം 103
ഫെബ്രുവരി 1992

**പത്രാധിപർ**
വി. എൻ. മുരളി

**മാനേജിംഗ് എഡിററർ**
കെ. പി. ദിവാകരൻ നായർ

അംഗങ്ങൾ
ജോർജ്ജ് സെബാസ്ററ്യൻ
ടി. എൻ. രാമൻപിള്ള
പി. ജി. ചന്ദ്രശേഖരൻ നായർ
ഡോ. കെ. ബി. പവിത്രൻ
വി. രാജേന്ദ്രൻ
ജോണി കെ. ജോൺ
ജോർജ്ജ്



വിലാസം:
എഡിററർ,
വസന്തം,
ചെമ്പകശ്ശേരിനഗർ,
കേശവദാസപുരം
തിരുവനന്തപുരം
ഫോൺ-442242

മാനേജിംഗ് എഡിററർ:
അശ്വതി
എൽ ഐ സി, ലയിൻ 'ബി'
പട്ടം
തിരുവനന്തപുരം-4
ഫോൺ-432505

# അതിരൂക്ഷമായ വിലക്കയററം

കേന്ദ്രഗവൺമെൻറിൻെറ പുതിയ സാമ്പത്തിക നയങ്ങൾ വരുത്തിവച്ചിട്ടുള്ള ദുരിതം ചില്ലറയല്ല. വിലക്കയററം കൊണ്ടു പൊറുതിമുട്ടുകയാണ് ജനങ്ങൾ. അധികാരത്തിലേറി നൂറു ദിവസത്തിനകം വിലകുറയ്ക്കുമെന്നു പ്രഖ്യാപിച്ചവർ അധികാരത്തിലെത്തിക്കഴിഞ്ഞപ്പോൾ നിത്യോപയോഗ സാധനങ്ങൾക്കടക്കം വില കുതിച്ചുകയറുകയാണ്. ഒരു 'ഉരുൾപൊട്ടൽ' എന്നു തന്നെ വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള വർദ്ധനവാണ് വിലനിലവാരത്തിൽ ഓരോ മണിക്കൂർ കഴിയുമ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

അന്തർ ദേശീയ വ്യാപാരശിഷ്ടം പ്രതികൂലമാവുകയും വിദേശനാണ്യരംഗത്ത് പ്രതിസന്ധി ഉണ്ടാവുകയും ചെയ്തപ്പോൾ അതുതരണം ചെയ്യുന്നതിനുവേണ്ടി ഭാരതത്തിൻെറ ആത്മാഭിമാനം പോലും പണയം വെച്ച് അന്തർ ദേശീയ നാണ്യനിധിയിൽ നിന്നും ലോകബാങ്കിൽ നിന്നും കടം വാങ്ങാൻ എടുത്ത തീരുമാനത്തിൻെറ ദുഷ്ടഫലങ്ങളാണ് ഇന്ത്യൻ ജനത ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻവേണ്ടി ഏർപ്പെടുത്തിയിരുന്ന പൊതുവിതരണ സമ്പ്രദായം ക്രമേണയായി ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. നിത്യോപയോഗ സാധനങ്ങൾ, രാസവളം, കീടനാശിനികൾ എന്നിവയ്ക്ക് അനുവദിച്ചിരുന്ന സബ്സിഡികൾ പൂർണ്ണമായും പിൻവലിക്കുക മൂലം ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ള കാർഷികോല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന ദരിദ്രവിഭാഗത്തെ സഹായിക്കുന്നതിനുവേണ്ടിയാണ് നിത്യോപയോഗ സാധനങ്ങൾക്ക് 'അഡ്മിനിസ്റേറഡ് പ്രൈസ്' എന്ന സംവിധാനത്തിലൂടെ വില നിയന്ത്രിച്ചുനിർത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർബന്ധിതമായത്. എല്ലാ സബ്സിഡികളും രാഷ്ട്ര സമ്പദ്‌വ്യവസ്ഥയ്ക്ക് അപകടമാണെന്നും, സർക്കാരിൻെറ യാതൊരു നിയന്ത്രണവുമില്ലാത്ത തുറന്ന വിപണിയിലൂടെ മാത്രമേ പുരോഗതിയുണ്ടാകൂ എന്നുമുള്ള ഐ എം എഫിൻെറ നിബന്ധനയാണ് ഇന്ത്യയെ ഇന്നത്തെ പതനത്തിൽ എത്തിച്ചിരിക്കുന്നത്.

പ്രത്യക്ഷമായി സാധനവിലയിലും പരോക്ഷമായി ചരക്കു കടത്തു കൂലിയിലും ഉണ്ടാകുന്ന വർദ്ധനവുകൾ വരുത്തുന്ന വിലവർദ്ധനവ് കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് ഒട്ടും താങ്ങാനാവില്ല. ഇനിയിപ്പോൾ കേന്ദ്ര സംസ്ഥാന ബഡ്ജററുകളുടെ കാലമാണ്. ബഡ്ജററിനുമുമ്പു വരുത്തുന്ന പുത്തൻ നികുതികളും, ബഡ്ജററിലെ നിർദ്ദേശങ്ങളും കൂടിയാകുമ്പോൾ സ്ഥിതിപറയാനുമില്ല.

ഇന്ത്യയിലെ ഒരു ചെറിയ വിഭാഗത്തെ കൂടുതൽ സമ്പന്നമാക്കാനും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ നിത്യ ദുരിതത്തിലേയ്ക്ക് തള്ളിനീക്കാനും നടത്തുന്ന ഈ ശ്രമത്തെ ചെറുത്തുതോല്പിക്കാതെ പററില്ല. ആ സമരത്തിൽ അധ്യാപകരും അവരുടെ ചുമതല നിറവേററണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. □

# കരിനിയമം വീണ്ടും

ഇന്ത്യയിലെ സംഘടിത തൊഴിലാളിവർഗം അഖിലേന്ത്യാ ബന്ദുവരെ നടത്തി പരാജയപ്പെടുത്തിയതാണ് ''ഹോസ്പിററൽ ആൻറ് അദർ ഇൻസ്ററിററ്യൂഷൻസ് ബിൽ''. ആ കരിനിയമം ഇതാവീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അധ്യാപകർ, ഡോക്ടർമാർ തുടങ്ങി സേവന മേഖലകളിലുള്ള ജീവനക്കാർ ഒരു സമരമാർഗ്ഗമെന്ന രീതിയിൽ പണിമുടക്കുന്നതി

നെ നിരോധിക്കാനാണ് കേന്ദ്രസർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അടുത്ത പാർലമെൻറ് സമ്മേളനത്തിൽ ഇതിലേയ്ക്ക് വേണ്ട നിയമം അവതരിപ്പിച്ച് പാസ്സാക്കും എന്നാണ് സർക്കാർ പ്രഖ്യാപനം. ഇത് നമ്മെ സംബന്ധിച്ചിടത്തോളം ഗൗരവമായ ഒരു പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. പണിമുടക്കുംപ്പെടെയുള്ള അവകാശ സമരങ്ങളിലൂടെയാണ് നമുക്ക് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത്. ഇനിയുള്ള മുന്നേററങ്ങൾക്കും അതു വേണ്ടിവരുമെന്നു നമുക്കറിയാം. അതുകൊണ്ട് കേന്ദ്രസർക്കാരിൻെറ ഇപ്പോഴത്തെ തീരുമാനത്തെ ശക്തിയുക്തം എതിർക്കേണ്ടിയിരിക്കുന്നു. ഹോസ്പിററൽ ആൻറ് അദർ ഇൻസ്ററിററ്യൂഷൻസ് ബില്ലിനെതിരെ ആദ്യം നടന്ന അഖിലേന്ത്യാപണിമുടക്കിൽ (1982) നാം പങ്കെടുത്തില്ല. ആ കളങ്കം പിന്നീടുണ്ടായ സമരങ്ങളിൽ പങ്കുചേർന്ന് നാം കഴുകിക്കളഞ്ഞു.

സാമ്പത്തിക രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പ്രവചനാതീതമായ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരേ ശക്തമായ സമരങ്ങൾ ഉയർന്നുവരുന്ന സാഹചര്യമാണ് ഇന്നു നിലനിൽക്കുന്നത്. ഇത്തരം സമരങ്ങളെ ചെറുക്കാനുള്ള തന്ത്രങ്ങൾക്കാണ് കേന്ദ്രസർക്കാർ രൂപം കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൻെറ ഭാഗംതന്നെയാണ് ഇപ്പോൾ അധ്യാപകരുടേയും ഡോക്ടറന്മാരുടെയും നേർക്കുള്ള ഈ കുതിരകയററം. ഇതിനെ മുളയിലേ തന്നെ നുള്ളിക്കളയേണ്ടതുണ്ട്. ജനാധിപത്യവിരുദ്ധമായ ഇത്തരം നടപടികൾക്കെതിരേ ശക്തമായ ബഹുജന രോഷം ഉയർത്തിയെടുക്കേണ്ടിയിരിക്കുന്നു. സംഘടിത തൊഴിലാളിവർഗ്ഗത്തോടൊപ്പം അണിനിരന്ന് കിരാതകരിനിയമങ്ങളെ ചെറുത്തു തോല്പിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. □

# എ കെ പി സി ടി എ വിജയം

## എസ്. ഡി. കോളേജ്

ആലപ്പുഴ എസ്. ഡി. കോളേജ് ഗവേണിംഗ് ബോർഡിലേയ്ക്കുള്ള അധ്യാപക പ്രതിനിധിയുടെ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥി പ്രൊഫ. കെ. പി. ഗോപാലകൃഷ്ണൻ വിജയിച്ചു ഫിസിക്സ് വിഭാഗം മേധാവിയായ പ്രൊഫ. ഗോപാലകൃഷ്ണൻ, കേരളശാസ്ത്രസാഹിത്യ പരിഷത്തിൻെറ ആലപ്പുഴജില്ലാപ്രസിഡൻറ്, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## എം. ജി. കോളേജ്

തിരുവനന്തപുരം എം.ജി.കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളായ പ്രൊഫ. ബി. ഗോപാലകൃഷ്ണൻനായരും പ്രൊഫ. കെ. ഭാസ്കരക്കുറുപ്പും വിജയിച്ചു.

# ആർ. ആർ. സി.

## പ്രൊഫ. ആർ. മോഹനകൈമൾ.

ആർ. ആർ. സി. യുടെ ചരിത്രം കേരളത്തിലെ കോളെജദ്ധ്യാപകരുടെയും, ചരിത്രമാണ്. അവരുടെ തളർച്ചയുടെയും ഉയിർത്തെഴുന്നേൽപ്പിൻെറയും, വളർച്ചയുടെയും ചരിത്രമാണ്; നഷ്ടപ്പെടുവാൻ കാര്യമായൊന്നു മില്ലാതെ, എന്നാൽ നേടുവാനേറെയുണ്ടെന്ന ബോധത്തോടെ, ഉൽക്കടമായ ഇച്ഛാശക്തിയും, അചഞ്ചലമായ ആത്മവിശ്വാസവും അസാധാരണമായ കർമ്മശേഷിയും മാത്രം കൈമുതലാക്കി പ്രാതികൂല്യങ്ങൾക്കുനേരെ നിർഭയനായി നടന്നു നീങ്ങിയ ഒരുവൻേറതാണ്.

സ്വകാര്യകോളെജദ്ധ്യാപകരുടെ സമര ചരിത്രം ഒരർത്ഥത്തിൽ മഹാരഥന്മാരായ പ്രൊഫ. എം. പി. പോൾ. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി എന്നിവരിൽ നിന്നും ആരംഭിക്കുന്നു. ചരിത്രത്തിലാദ്യമായി സ്വകാര്യ മാനേജുമെൻറുകളുടെ അധർഷ്യതയെ ചോദ്യം ചെയ്യാൻ നെഞ്ചൂക്കുകാട്ടിയ അവർ സ്വാകാര്യ കോളേജദ്ധ്യാപകൻെറ അഭിമാനത്തിൻെറയും അവകാശബോധത്തിൻെറയും പ്രതീകങ്ങളാണ്. അവരുടെ ഉന്നതമായ ആ പാരമ്പര്യം ഊനമേതും കൂടാതെ കാത്തു സൂക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ, തികഞ്ഞ വർഗ്ഗബോധത്തിലധിഷ്ഠിതമായ സംഘടനയ്ക്ക്- എ കെ പി സി ടി എ ക്ക്- രൂപം കൊടുക്കുകയും, അതിൻെറ വളർച്ചക്കു വേണ്ടി ഏററവും വിലപ്പെട്ടസംഭാവനകൾ നല്കുകയും ചെയ്തവരിൽ അഗ്രഗണ്യനായിരുന്നു ആർ. ആർ. സി.

പിന്നിട്ട മൂന്നുപതിററാണ്ടുകളിലൂടെയുള്ള സ്വകാര്യകോളെജ് അദ്ധ്യാപകരുടെ-എ കെ പി സി ടി എ യുടെ- പ്രയാണം ദുർഘടപൂർണമായിരുന്നു. എ കെ പി സി ടിഎ അതിൻെറ ആവിർഭാവം മുതൽ സംസ്ഥാനത്തെ ഇതര സംഘടിത പ്രസ്ഥാനങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ, തനതായ വ്യക്തിത്വം നിലനിർത്തിപ്പോന്നിട്ടുണ്ട്. കേരളത്തിലെ പ്രത്യേക രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, ഭരണകൂടങ്ങളെ സൃഷ്ടിക്കാനും, നിലനിർത്താനും സംഹരിക്കാനുംഉള്ള കെല്പ് കയ്യടക്കി വച്ചിട്ടുള്ള സാമുദായിക

ആർ ആർ. സി. യുടെ ആകസ്മിക നിര്യാണം കേരളത്തിലെ സ്വകാര്യ കോളേജദ്ധ്യാപകർക്കുമാത്രമല്ല, സംഘടിത പ്രസ്ഥാനങ്ങൾക്കാകെത്തന്നെ കനത്ത നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ധ്യാപനരംഗത്തു നിന്നും വിരമിച്ച ശേഷം ഉപഭോക്തൃ തർക്ക പരിഹാര സമിതിയിൽ അംഗമെന്ന നിലയിൽ പ്രവർത്തിച്ചുവരവേയാണ് അദ്ദേഹത്തിൻെറ അന്ത്യം സംഭവിച്ചത്. കേരളത്തിലെ സ്വകാര്യ കോളേജ് അദ്ധ്യാപകരേയും അവരുടെ പ്രസ്ഥാനമായ എ കെ പി സി ടി എ യും സംബന്ധിച്ചിടത്തോളം ആർ. ആർ. സി. യുടെ അസാന്നിദ്ധ്യം ഇപ്പോൾ മാത്രമേ അനുഭവപ്പെടുന്നുള്ളു. ആർ. ആർ. സി. യേയും അദ്ദേഹം നെഞ്ചിലേററി ലാളിച്ച പ്രസ്ഥാനത്തേയും തമ്മിൽ വേർപെടുത്തുവാൻ മരണത്തിനു മാത്രമേ കഴിഞ്ഞുള്ളു. കൊടുങ്കാററുകളേയും, കൊടും വേനലുകളേയും പേമാരികളേയും അതിജീവിച്ചശേഷം ഒടുവിൽ സർവ സംഹാരിയായ ഭൂകമ്പത്തിൽ ഒരു വടവൃക്ഷം തകർന്നു നിലം പൊത്തിയതുപോലെ ആയിരുന്നു ആ അന്ത്യം. സംഭവ ബഹുലവും സംഘർഷ പൂർണവുമായ മൂന്നു പതിററാണ്ടിലധികം നീണ്ടുനിന്ന ആർ. ആർ. സി. യുടെ അദ്ധ്യാപക ജീവിതം സുദീർഘമായ ഒരു പോരാട്ടമായിരുന്നു. ആരുടെ മുന്നിലും അടിയറവു പറയുവാനോ, തോററുകൊടുക്കുവാനോ ആർ. ആർ. സി. തൻെറ ജീവിതാന്ത്യം വരെ തയ്യാറായില്ല. ഹെമിങ്‌വേയുടെ സാൻറിയാഗോ പറഞ്ഞ വാക്കുകൾ ഓർത്തുപോകുന്നു.

"......But a man is not made for defeat ...... A man can be destroyed but not defeated" അതെ. മാനേജുമെൻറിനോ ബ്യൂറോക്രസിക്കോ അദ്ദേഹത്തെ തോല്പിക്കാനായില്ല. എന്നാൽ മരണത്തിന് അദ്ദേഹത്തെ നശിപ്പിക്കുവാൻസാധിച്ചു. അദ്ദേഹത്തിൻെറ നിര്യാണവാർത്തയറിഞ്ഞ് അദ്ദേഹത്തിൻെ മുറിയിൽ പാഞ്ഞെത്തിയവർക്ക് ബോദ്ധ്യമുണ്ട്- മരണത്തെപ്പോലും ചെറുത്തു തോല്പിക്കാൻ തൻെറ അവസാന നിമിഷങ്ങളിൽ അദ്ദേഹം ശ്രമിച്ചിരുന്നു.

ശക്തികൾക്കെതിരെയുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെ നേടിയ വളർച്ച-അത് എ കെ പി സി ടി എ യ്ക്ക് മാത്രം അവകാശപ്പെട്ടതാണ്. അതാണ് എ കെ പി സി ടിഎ എന്നസംഘടനയെ ഇതര സംഘടനകളിൽ നിന്ന് വ്യത്യസ്തമാക്കുന്നതും, അവയ്ക്കിടയിൽ അതിന് മാന്യമായ സ്ഥാനം നേടിക്കൊടുത്തിട്ടുള്ളതും. അടിസ്ഥാന വർഗ്ഗത്തിന്റെ ആത്യന്തികമായ മോചനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ സ്വകാര്യ കോളെജ് അദ്ധ്യാപകരും അവരുടെ പങ്കുവഹിക്കണമെന്ന ഉൾക്കാഴ്ചയോടെ, സംഘടന പിറവിയെടുത്ത കാലം മുതൽ അതിന്റെ പ്രവർത്തന ശൈലി രൂപപ്പെടുത്തുന്നതിൽ ആർ. ആർ. സി ബദ്ധശ്രദ്ധനായിരുന്നു. 'സേവനം' എന്ന ലേബൽ നെററിയിൽ പതിച്ച്, കലർപ്പില്ലാത്ത ലാഭേച്ഛയോടെ, നഗ്നമായ രീതിയിൽ സമൂഹത്തെ ചൂഷണം ചെയ്തുപോന്ന സമുദായ പ്രമാണിമാരുടേയും മാടമ്പിമാരുടേയും പീഡനങ്ങളിൽ നിന്നും കൊള്ളരുതായ്മകളിൽ നിന്നും സ്വകാര്യകോളെജദ്ധ്യാപകരെ മോചിപ്പിക്കുക എന്ന അത്യന്തം ക്ലേശകരമായ ദൗത്യം ആണ് സംഘടന ഏറെറടുത്തത്.

ഇത് കൂടുതൽ വ്യക്തമാകണമെങ്കിൽ മൂന്നു പതിററാണ്ടു മുമ്പുള്ള സ്വകാര്യകോളെജദ്ധ്യാപകന്റെ അവസ്ഥ ഒന്നു പരിശോധിച്ചാൽ മതി. അന്നത്തെ അദ്ധ്യാപകർ പരാധീനതകളുടെയും പീഡനങ്ങളുടെയും ഭാണ്ഡം പേറുന്നവരായിരുന്നു. അസംഘടിതരും അരക്ഷിതരുമായിരുന്നു. തുച്ഛമായ വേതനം, എല്ലായ്പ്പോഴും പേക്കിനാവുപോലെ അവരെ വേട്ടയാടിയിരുന്ന പിരിച്ചുവിടൽ ഭീഷണി, ശമ്പള വിതരണത്തിലെ കൃത്യത ഇല്ലായ്മ, അദ്ധ്യാപികമാർക്ക് വിവാഹിതരാകുവാനും അമ്മമാരാകുവാനും ഉള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്ന അവസ്ഥ...അങ്ങനെ എന്തെല്ലാം! ചുരുക്കത്തിൽ കോളെജുകളുടെ ഉടമകളായ പ്രബലരുടെയും പ്രമാണിമാരുടെയും ദയാദാക്ഷിണ്യങ്ങളുടെ അപ്പക്കഷണങ്ങളിൽ കണ്ണുംനട്ടു കഴിയേണ്ടിയിരുന്നവരായിരുന്നു അന്നത്തെ അധ്യാപകർ. അവർക്ക് സമൂഹത്തിൽ അടിമകൾക്കുള്ള മാന്യത മാത്രമേ ഉണ്ടായിരുന്നുള്ളു. ഇ ദുഃസ്ഥിതിംയിൽനിന്നുള്ള മോചനത്തിനുവേണ്ടി അവർ നടത്തിയ ത്യാഗോജ്വലങ്ങളായ പോരാട്ടങ്ങളുടെ വേദികളിൽ ആത്മവിശ്വാസത്തിന്റെയും ആവേശത്തിന്റെയും സ്ഫുലിംഗങ്ങൾ ചിതറി ജ്വലിച്ചുനിന്ന ആർ. ആർ. സിയുടെ സവിശേഷവ്യക്തിത്വത്തിലേക്ക് അല്പം വെളിച്ചം വീശുക മാത്രമേ ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നുള്ളു. വിശേഷിച്ചും അദ്ദേഹത്തിന്റെ ആത്മാർത്ഥത, ധൈര്യം വാക്ചാതുരി തുടങ്ങിയ ഗുണങ്ങൾ

പ്രൊഫസർ. ആർ. രാമചന്ദ്രൻ നായരെ അധ്യാപകർക്കും ബഹുജനങ്ങൾക്കും പ്രിയങ്കരനും ആദരണീയനുമാക്കിയതിൽ ഈ ഗുണവിശേഷങ്ങൾക്കു പ്രധാന പങ്കുണ്ട്. എ കെ പി സി ടി എ എന്ന സംഘടനക്കുവേണ്ടി ഇത്രയധികം ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുള്ളവരും കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുള്ളവരും അധികമുണ്ടാവില്ല. തന്റെ വർഗ്ഗത്തോടുള്ള പ്രതിബദ്ധതയും കറകളഞ്ഞ ആത്മാർത്ഥയും അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടേയും ചാലക ശക്തി ആയിരുന്നു. ആർ. ആർ. സി യെ എ കെ പി സി ടി എ യിൽ നിന്നോ എ കെ പി സി ടി എ എന്ന സംഘടനയെ ആർ. ആർ. സിയിൽ നിന്നോ വേർതിരിച്ചു കാണാൻ പററില്ല. സംഘടനക്ക് സ്വന്തമായി ഒരു ഓഫീസ് ഇല്ലാതിരുന്നകാലത്ത്, കയ്യിലിടുക്കിയ ബ്രീഫ് കേസുമായി സെക്രട്ടേറിയററും സർക്കാരാഫീസികളും കയറിയിറങ്ങിയിരുന്ന ആർ. ആർ. സി. സംഘടനയുടെ സഞ്ചരിക്കുന്ന ഓഫീസ് ആയിരുന്നു, അദ്ധ്യാപകരുടെ, പരിഹാരം തേടുന്ന ഒരു നൂറു പ്രശ്നങ്ങൾ, അവയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം ആ ബ്രീഫ്കേസിലുണ്ടാവും. ചർച്ചകളിലും മററും പങ്കെടുത്തിരുന്നതു തന്നെ ഈ ബ്രീഫ്കേസും തുറന്നുവച്ചായിരിക്കും— ഒരു റെഡിറെക്കണർ പോലെ-ചില സംഘടനാ നേതാക്കൾ ഇങ്ങനെ പറയുന്നതു കേട്ടിട്ടുണ്ട്. മാനേജ്മെൻറ് വച്ചു നീട്ടിയ പ്രിൻസിപ്പൽ പോസ്ററ് സ്വീകരിച്ച ആർ. ആർ. സി. അധികം വൈകാതെ തന്നെ, രണ്ടു വള്ളത്തിൽ കാൽവച്ചുള്ളയാത്ര പററില്ലെന്നു മനസ്സിലാക്കി അതു വലിച്ചെറിയുകയായിരുന്നു. പ്രിൻസിപ്പൽ പോസ്ററിൽ തുടർന്നിരുന്നു എങ്കിൽ പ്രഗത്ഭനായ പ്രിൻസിപ്പൽ എന്ന ഖ്യാതിയോടെ വിരമിക്കാൻ പററുമായിരുന്നു. തന്റെ വീട്ടിൽ നിന്നും ഏറെ അകലെ മലബാർ പ്രദേശ

(ശേഷം 19-ാം പേജിൽ)

സച്ചിദാനന്ദൻ

# ചിരിക്കുന്ന മെഡൂസാ:

## സ്ത്രീ വിമോചനത്തിന്റെ സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ച് ഒരു വിചാരം

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അവരിൽതന്നെ പലരും സ്ത്രൈണതയെസംബന്ധിച്ച മിഥ്യാകല്പനയിൽനിന്ന് തീർത്തും മുക്തരല്ലെന്ന് അവരുടെ സാഹിത്യരചനകളും ചരിത്രശില്പങ്ങളും സിനിമകളും ശ്രദ്ധിച്ചാലറിയാം. സ്വന്തം കലയിൽ സ്വയം സമർപ്പിക്കാൻ, സ്വന്തം കഴിവിൽ ഉറച്ചുവിശ്വസിക്കാൻ, കർക്കശമായ മാനദണ്ഡങ്ങൾ പുലർത്താൻ, സ്ത്രീകൾക്ക് പലപ്പോഴും കഴിയാതെപോകുന്നുവെങ്കിൽ അതിനുകാരണം മററുള്ളവർ അവരിൽ വിശ്വസിക്കാൻ മടിക്കുന്നതുകൂടിയാണ്. അവരുടെ 'പ്രകൃതിയല്ല' സാഹചര്യമാണ് അതിനു കാരണം. സർഗ്ഗാത്മകതയെന്നാൽ പരിശീലനമോ പ്രോത്സാഹനമോ ആവശ്യമില്ലാത്ത ഒരു ജന്മവാസനമാത്രമാണെന്നും സ്ത്രീകൾക്ക് അതില്ലെന്നും സമൂഹം കരുതുന്നു. എന്നാൽ സർഗ്ഗാത്മകതയുടെ വികാസത്തിൽ സാമൂഹ്യസാഹചര്യത്തിന് വലിയ പങ്കുണ്ട്. സ്ത്രീക്ക് പുരുഷനോടൊപ്പം അവസരങ്ങൾ ലഭിച്ചാൽ അവൾ പുരുഷന്റെയത്രതന്നെ സർഗ്ഗാത്മകത പ്രകടിപ്പിക്കില്ലെന്നു കരുതുന്നതു മൗഢ്യമാണ്—അവൾക്ക് അത്തരം അവസരം ഇന്നോളം നൽകപ്പെട്ടിട്ടില്ലെന്നതാണ് സത്യം. ഭരണഘടനകളിലെ ഔപചാരിക സമത്വത്തിനപ്പുറം പോയ കാലത്ത് സ്ത്രീകൾ സർഗ്ഗമേഖലകളിൽ വലുതായൊന്നും നേടിയിട്ടില്ലെന്നു ചൂണ്ടിക്കാട്ടി സ്ത്രീകളുടെ ആത്മവിശ്വാസം തകർക്കാനാണ് സമൂഹത്തിന്റെ ശ്രമം. മറിച്ച് എന്തുകൊണ്ടാണ് അതു സംഭവിച്ചതെന്നന്വേഷിക്കുകയും ആ പരിമിതികളെ മറികടക്കുകയുമാണ് ഇന്ന് ജനാധിപത്യവാദികൾ ചെയ്യേണ്ടത്.

ഫെമിനിസ്ററ് നിരൂപണം ''പെണ്ണെഴുത്തിനെ'' ('ecriture feminine', feminine writing) സംബന്ധിച്ച ഒരുസങ്കല്പം മുന്നോട്ടുവയ്ക്കുന്നുണ്ട്. പെണ്ണെഴുത്ത്-പുരുഷനിൽനിന്നു വ്യത്യസ്തമായ ഒരു രചനാരീതിയെന്ന നിലയിൽ. ഒരുവർത്തമാനയാഥാർത്ഥ്യത്തെക്കാളേറെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രതീക്ഷയാണെന്ന് ഹെലെൻ സിക്സസ്, നാൻസിമില്ലർ തുടങ്ങിയ ഫെമിനിസ്ററുകൾ പറയുന്നുണ്ട്. എങ്കിലും സ്ത്രീരചനയുടെ പ്രത്യേകതകൾ തിരിച്ചറിയാനുള്ള പരിശ്രമമെന്ന നിലയിൽ ഈ സങ്കല്പം പ്രധാനമാണ്. പെണ്ണെഴുത്തിന്റെ വ്യത്യാസം ''സൂക്ഷ്മമായ ഒരു വ്യതിയാന''മാണെന്ന് സ്പാക്ക്സ് അഭിപ്രായപ്പെടുന്നുണ്ട്. പെണ്ണെഴുത്തിന്റെ ചരിത്രത്തിൽ ചില അനുഭവങ്ങൾക്കു ലഭിക്കുന്ന പ്രാധാന്യവും ചില അനുഭവങ്ങളുടെ അസാന്നിദ്ധ്യവുമാണ് ഈ 'വ്യതിയാനത്തിന്'' കാരണമായി സ്പാക്കസ് കാണുന്നത്.

പെണ്ണെഴുത്തിന്റെ ആദ്യസവിശേഷത, അതിൽ പതിഞ്ഞുകിടക്കുന്ന സ്ത്രീശരീരത്തിന്റെ സവിശേഷതയെ ഒരുപരാധീനതയായിക്കണ്ടു നിരാശപ്പെടുന്നതിന്നു പകരം സർഗ്ഗാത്മകതയുടെ ഒരു ഖനിയായിക്കണ്ടു പ്രയോജനപ്പെടുത്താൻ സ്ത്രീകൾ ശീലിക്കുകയാണെന്ന് ആഡ്രിയൻ റിച്ച് പറയുന്നു. ('of woman born') സ്ത്രീയുടെ എഴുത്ത് അവളുടെ ശരീരത്തിൽ നിന്നാണുവരുന്നത്. നമ്മുടെ ലൈംഗിക വ്യത്യാസംതന്നെയാണ് നമ്മുടെ സൃഷ്ടിയുടെ ഉറവ'', കരോളിൻ ജി. ബർക്ക് പിന്താങ്ങുന്നു. 'ഓഥർ' എന്ന സങ്കല്പം പുരുഷനായൊരു രചയിതാവിനെ ഒരു ദൈവപിതാവിനെ, സൂചിപ്പിക്കുന്നുവെന്നും പേന ഇവിടെ പുരുഷശിശ്നത്തെപ്പോലെ സൃഷ്ടിയുടെ ഒരുപകരണമാണെന്നും, ഈ 'പേന' തങ്ങൾക്ക് ഇല്ലാ എന്നതിന്റെ ഉത്ക

ണ്ഠയാണ് പെണ്ണെഴുത്തിന്റെ ഒരു വ്യത്യാസമെന്നും സാന്ദ്രാ ഗിൽബെർട്, സൂസൻ ഗൂബാർ എന്നിവർക്ക് അഭിപ്രായമുണ്ട്. ''പേന പുരുഷശിശ്നത്തിന്നുള്ള ഒരു രൂപകമാണെങ്കിൽ, സ്ത്രീകളുടെ ഏതവയവമാണ് പാഠങ്ങൾ ഉത്പാദിപ്പിക്കുന്നത്?'' അവർ ചോദിക്കുന്നു. ഈ ചോദ്യത്തിന് പ്രശസ്ത ഫെമിനിസ്റ്റ് നിരൂപകയായ എലെയ്ൻ ഷോവാൾട്ടർ മറുപടി നൽകുന്നുണ്ട്: മസ്തിഷ്കം രൂപകാത്മകമായ ഒരു ഗർഭപാത്രമാണ്. തന്നെയല്ല സർഗ്ഗപ്രക്രിയയെ പ്രസവത്തോടും അതിന്റെ വേദനയെ പേറ്റുനോവിനോവിനോടുമാണ് സാധാരണ ഉപമിക്കാറുള്ളത്. സൃഷ്ടി കർമ്മത്തിന് സാമ്യമുള്ളത് ശുക്ലദാനത്തേക്കാൾ ഗർഭധാരണം, പ്രസവവേദന, പ്രസവം എന്നിവയോടാണ്. ബിംബങ്ങളുടെയും പ്രതീകങ്ങളുടെയും ഒരു ഖനിയെന്ന നിലയിൽ എഴുത്തുകാരികൾ സ്ത്രീശരീരത്തെ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് അലീഷ്യാ ഓസ്ട്രിക്കർ നടത്തിയിട്ടുള്ള പഠനങ്ങൾ ശ്രദ്ധേയമാണ്. വാൾട്ട്മിറ്റ്മാന്റെയും മറ്റ് ആൺകവികളുടെയും രചനകളിൽ നഗ്നശരീരം ആധികാരികതയുടെ ചിഹ്നമായിരിക്കുമ്പോൾ എമിലിഡിക്കിൻസണിന്റെയും മറ്റുപെൺകവികളുടെയും രചനകളിൽ നഗ്നശരീരമെന്ന ബിംബം ഒഴിവാക്കപ്പെടുന്നു. കാരണം, സ്ത്രീയെസംബന്ധിച്ച് നഗ്നത നിസ്സഹായതയെയും ചൂഷണവിധേയത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. (യാൻ സ്കോയുടെ സിനിമകൾ ഓർക്കുക,) അതുകൊണ്ട് അവർ കവചിതമായ ആത്മാവിന്റെ ആവൃതബിംബങ്ങൾ ഉപയോഗിക്കുന്നു. ശരീരത്തിലുള്ള ''ഫെമിനിസ്റ്റ് ബയോ-ക്രിട്ടിസിസ'' (ശരീരാധിഷ്ഠിതമായ സ്ത്രീവിമോചന നിരൂപണം) ത്തിന്റെ ഊന്നൽ ആത്മഹത്യാപരമാണെന്നഭിപ്രായമുള്ളവരുമുണ്ട്. ആൺകോയ്മ നീതീകരിക്കപ്പെട്ടിട്ടുള്ളത് ശാരീരികമായ ഈ വ്യത്യാസത്തിൽ ഊന്നിത്തന്നെയാണല്ലോ. എന്നാൽ ശരീരത്തെ സ്ത്രീ എങ്ങിനെ നോക്കിക്കാണുന്നു, എന്തിനുപയോഗിക്കുന്നു എന്നതാണ് പ്രധാനമെന്ന് എനിക്കു തോന്നുന്നു. ഉദാഹരണത്തിന് സാറാജോസഫിന്റെ 'മുടിത്തെയ്യ'ത്തിലെ തലമുടി ആൺകോയ്മയെ വെല്ലുവിളിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു. സ്ത്രൈണോർജ്ജത്തിന്റെയും സ്ത്രൈണലൈംഗികതയുടെയും പ്രതീകമായിത്തന്നെ അതുയരുന്നുണ്ട്. വെട്ടിത്തിളങ്ങുന്ന കണ്ണുകൾ, ചിരിക്കുന്ന ചുണ്ടുകൾ, സിന്ദൂരമണിഞ്ഞ നറ്റി, മുടിചുംബിക്കുന്ന നിതംബം, താമരമൊട്ടുപോലുള്ള യോനി, ചിലങ്കകെട്ടിയ കാലുകൾ-എല്ലാം സ്ത്രീശരീരത്തിന്റേതായ ഒരു ഭാഷയുടെ അംഗങ്ങളായി മാറി പുരുഷാധികാരത്തിന്റെ 'സനാതനത്വ'ത്തെ ചോദ്യം ചെയ്യുന്നു.

പുരുഷൻ നിർമ്മിച്ചുവെച്ച ഭാഷാവ്യവസ്ഥയ്ക്കകത്ത് സ്ത്രീക്ക് സ്വയം ആവിഷ്കരിക്കാൻ പ്രയാസമാണെന്ന് ഇന്നത്തെ എഴുത്തുകാരികൾ കരുതുന്നു. മോണിക് വിറ്റിഗ് പറയുന്നു: ''സ്ത്രീകൾ പറയുന്നു, നിങ്ങൾ സംസാരിക്കുന്ന ഭാഷ നിങ്ങളുടെ തൊണ്ടയെയും നാവിനെയും വായുടെ മേൽത്തട്ടിനെയും ചുണ്ടുകളെയും വിഷമയമാക്കുന്നു. നിങ്ങൾ സംസാരിക്കുന്ന ഭാഷ നിങ്ങളുടെ കൊല്ലുന്ന വാക്കുകൾകൊണ്ടു നിർമ്മിക്കപ്പെട്ടതാണ്. പുരുഷൻമാർ സ്വന്തമാക്കിയതെല്ലാമാണെന്നു സൂചിപ്പിക്കുന്ന ചിഹ്നങ്ങളാലുണ്ടാക്കപ്പെട്ടതാണ് ശരിക്കും നിങ്ങൾ സംസാരിക്കുന്ന ഭാഷ എന്ന് അവർ പറയുന്നു'' (ഗെറില്ലകൾ'') സ്ത്രീകൾ ബോധത്തെ പിടിച്ചടക്കുന്നതോടൊപ്പം ഭാഷയെയും പിടിച്ചടക്കണമെന്ന് കരോളിൻ ബർക്ക് ആവശ്യപ്പെടുന്നു. ''അധീശവ്യവഹാരരൂപങ്ങൾതന്നെ അധീശ (പുരുഷ) പ്രത്യയശാസ്ത്രത്തിന്റെ അടയാളങ്ങൾ പേറുന്ന, അതുകൊണ്ട് സംസാരിച്ചും എഴുതിയും അസ്തിത്വംകൊള്ളുന്ന സ്ത്രീക്ക് വിദേശഭാഷപോലൊന്ന് ഉപയോഗിക്കേണ്ടിവരുന്നു—തനിക്ക് സ്വസ്ഥയാകാൻ കഴിയാത്ത ഒരു ഭാഷ.'' ശാരീരികമായ സ്ത്രീവാദത്തെയും ഭാഷാപരമായ സ്ത്രീവാദത്തെയും സമന്വയിക്കുന്ന നിരൂപകരുമുണ്ട്. ഉദാ: ഷന്താൾ ഷവാഫ്. ''പുസ്തകത്തെ ശരീരത്തോടും ആനന്ദത്തോടും ബന്ധിപ്പിക്കുന്നതിന് നാം എഴുത്തിന്റെ ബുദ്ധിജീവിപരമായ അംശം നശിപ്പിക്കണം (disintellectualise) ഈ ഭാഷ വികസിച്ചാലും അഴുകുകയോ വളരുകയോ ചെയ്യുകയില്ല; മാംസഹീനമായ അക്കദെമിസിസത്തിലേയ്ക്ക് തിരിച്ചുപോവുകയില്ല, നാം നിരാകരിക്കുന്ന അസ്വതന്ത്രവും യാഥാസ്ഥിതികവുമായ വ്യവഹാരങ്ങളിലേയ്ക്ക് മടങ്ങുകയില്ല...പെൺമൊഴി സഹജമായി

ത്തന്നെ ജീവിതത്തിനുമേൽ വൈകാരികമായി, കാവ്യാത്മകമായി, ശാസ്ത്രീയവും രാഷ്ട്രീയവുമായി പ്രവർത്തിക്കണം. അങ്ങിനെ അതിനെ അജയ്യമാക്കണം,''

സ്ത്രീകൾ നിശ്ശബ്ദരായിരുന്നാൽ അവർ ചരിത്രത്തിനു പുറത്താകുന്നു; അവർ ആൺമൊഴിയിൽ സംസാരിച്ചുതുടങ്ങിയാലോ, പരതന്ത്രരും അന്യവത്കൃതരുമായിട്ടാണ് ചരിത്രത്തിൽ പ്രവേശിക്കുക: അതുകൊണ്ട് ആ ചരിത്രത്തെ തകർക്കാൻ അവർക്കുകഴിയാതെപോകുന്നു. സ്ത്രീയുടെ—പ്രത്യേകിച്ചും നിലനിൽക്കുന്ന അക്കദെമിക് പാരമ്പര്യത്തിനകത്ത് പ്രവർത്തിക്കേണ്ടിവരുന്ന സ്ത്രീയുടെ—അവസ്ഥയിലെ വൈരുദ്ധ്യം ഇതാണെന്ന് സേവിയേറെ ഗോത്തിയേ പറയുന്നു. പുരുഷവ്യവഹാരത്തിനകത്തുതന്നെ പ്രവർത്തിക്കുന്നതും എന്നാൽ അതിനെ നിരന്തരം അപനിർമ്മിക്കുന്നതുമായ (deconstruct) ഒരു രചനാസമ്പ്രദായമാണ് മേരി ജാക്കൊബസ് നിർദ്ദേശിക്കുന്നത്. പുരുഷലിംഗത്തെയും പുരുഷവിജ്ഞാനത്തെയും കേന്ദ്രമാക്കിയുള്ള ഭാഷാഘടന തകർത്ത് ഭാഷയെ പുനർനിർമ്മിക്കണന്നെമ് ഷോഷാനാഫെൽമാൻ പണ്ട്, ഐതിഹ്യങ്ങളുടെയും നാടോടിക്കഥകളുടെയും കാലത്ത്, സ്ത്രീകൾക്ക് സ്വന്തമായ ഒരു ഭാഷ ഉണ്ടായിരുന്നെന്നും പിന്നീട് ആൺകോയ്മ വന്നതോടെ അതവർക്കു നഷ്ടപ്പെട്ടതാണെന്നും വിശ്വസിക്കുന്നവരുണ്ട്. ചരിത്രത്തിനു മുമ്പ് പെൺകോയ്മയുടെ ഒരു സുവർണ്ണയുഗമുണ്ടായിരുന്നുവെന്ന് അവർ കരുതുന്നു. പൊതുജീവിതത്തിൽ തങ്ങളിലടിച്ചേല്പിക്കപ്പെട്ട നിശ്ശബ്ദതയെ ഭേദിക്കുവാൻ സ്ത്രീകൾ ഒരു രഹസ്യഭാഷ രൂപപ്പെടുത്തിയിരുന്നുവെന്ന് റോബർട് ഗ്രേവ്സ് ('The white Goddess') വാദിക്കുന്നുണ്ട്. ആൺകോയ്മ വന്നപ്പോൾ ഈ ഭാഷ ഒളിവിൽ പോയെന്നും ചില രഹസ്യമതങ്ങളിലും ആഭിചാരസംഘങ്ങളിലും മാത്രമായി അത് ഒതുങ്ങിയെന്നും ഗ്രേവ്സ് പറയുന്നു. എന്നാൽ ഈ ഗൂഢഭാഷ (യൂറോപ്പിൽ ദുർമന്ത്രവാദിനികളുടെ നായാട്ടിലേയ്ക്കുനയിച്ചത് ഈഭാഷയായിരുന്നു—ഷേക്സ്പിയറുടെ 'മാക്ബത്തി,ലെ 'വിച്ചു'കളുടെ സംസാരം ഒരു മാതൃകയായെടുക്കാം) ഇനി വീണ്ടെടുക്കാൻ വഴിയില്ല.

കൊളോണിയൽ ഭരണമവസാനിക്കുമ്പോൾ രാഷ്ട്രങ്ങൾ നേരിടാറുള്ള ഭാഷാപ്രശ്നംപോലൊന്നാണ് ഇന്ന് സ്ത്രീകൾ അഭിമുഖീകരിക്കുന്നതെന്ന് ഷോവാൾട്ടർ പറയുന്നു. യജമാനഭാഷയെ അട്ടിമറിക്കാൻ കോളനിജനത ആഗ്രഹിക്കുന്നുണ്ട്, എന്നാൽ ആ ഭാഷയെത്തന്നെ അവർക്ക് പലപ്പോഴും ആശ്രയിക്കേണ്ടിയും വരുന്നു ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും ഇംഗ്ലീഷിന്റെ സ്ഥിതിപോലെയാണിത്. ആൺമൊഴിയെയും പെൺമൊഴിയെയും വെവ്വേറെ ഭാഷകളെന്ന നിലയിൽ കാണുന്നതിന് ന്യായീകരണമില്ലെന്നും, ഭാഷാപ്രയോഗസന്ദർഭത്തിൽ വെച്ച് ശൈലികളുടെയും തന്ത്രങ്ങളുടെയും അടിസ്ഥാനത്തിൽ അവയുടെ അന്തരങ്ങളെക്കുറിച്ച് വിചാരിക്കുകയാണ് വേണ്ടതെന്നുമാണ് ഭാഷാശാസ്ത്രജ്ഞരുടെ അഭിപ്രായം. (ഉദാ: മക്കോൺൽ ഗൊറിന് (Linguistics and the Feminist Challenge') സ്ത്രീകളുടെ നോവലുകളെടുത്ത് കംപ്യൂട്ടറുകളുപയോഗിച്ച് അവയിലെ പദാവർത്തനങ്ങളും മറ്റും പഠിക്കാനുള്ള ശ്രമങ്ങൾ (ഉദാ: മേരി ഹിയാറ്റ്, ('The way women write') ഭാഷയെ യാന്ത്രികമായി സമീപിക്കുകയാണ് ചെയ്യുന്നത്. അർത്ഥം, ലക്ഷ്യം, പാരായണസന്ദർഭം എന്നിവയിൽനിന്ന് അടർത്തിമാറ്റി വാക്കുകളെ പരിശോധിക്കുന്ന ഈ രീതി ബാലിശമാണെന്നു പറയാതെ വയ്യ. ഭാഷയെയും പാരമ്പര്യത്തെയും നിർണ്ണയിക്കുന്നത് ഓർമ്മ, പൈതൃകം, സാഹിത്യത്തിന്റെ വിഭാഗം (കവിത, കഥ, നാടകം ആദി), രചനയുടെ സന്ദർഭം ഇങ്ങിനെ പല ഘടകങ്ങളും ചേർന്നാണ്. അതുകൊണ്ട് പദവിന്യാസത്തെയും ശൈലീതന്ത്രങ്ങളെയും ബിംബങ്ങളെയും മാത്രം ആധാരമാക്കി സ്ത്രീയുടേതു മാത്രമായ ഒരു ശൈലി അന്വേഷിക്കുന്നത് സഫലമാകണമെന്നില്ല. അതേ സമയം, പ്രതിജ്ഞാബദ്ധയായ ഒരു സ്ത്രീവിമോചനവാദി, തന്റെ ഭാഷയെ വ്യത്യസ്തമാക്കാൻ ബോധപൂർവ്വം ശ്രമിക്കുമെന്നുതീർച്ചയാണ്. സാറാജോസഫ് മുൻപുസൂചിപ്പിച്ചമട്ടിലുള്ള ശരീരാധിഷ്ഠിതമായ ബിംബങ്ങളിലൂടെയും കഥയിലുടനീളം വ്യാപിച്ചുകിടക്കുന്ന സ്ത്രീമുക്തിവാദത്തിന്റെ കാഴ്ചപ്പാടിലൂടെയും (feminist gaze) അത്തരത്തിലൊരു ശ്രമം നടത്തുന്നുണ്ട്. ഇത് വാക്കുകളുടേയും പ്രതീകങ്ങളുടെയും തലത്തെ കവിഞ്ഞ് പരികല്പനകളുടെ തലം വരെ ചെല്ലുന്നുണ്ട്. ലോകത്തെക്കുറിച്ചുള്ള പുരുഷന്റെ കാഴ്ചപ്പാടിനെ ബോധപൂർവ്വം നിരാക

റിച്ച് സ്വയം ആൺകോയ്മയുടെ പ്രത്യയശാസ്ത്രത്തിൽനിന്നു മുക്തയാകാനുള്ള ആത്മസമരത്തിൻെറ മുദ്രകൾ സരസ്വതിയമ്മയുടെയും മാധവിക്കുട്ടിയുടെയും; സാറാജോസഫിൻെറയും കഥകളിൽ തെളിഞ്ഞുകാണുന്നു. ഫെമിനിസ്ററു കാഴ്ചപ്പാടു സ്വീകരിച്ച ഒരു പുരുഷനും ഇത്തരമൊരു ശൈലിക്കായി ശ്രമിച്ചുകൂടെന്നില്ല. ജനിച്ച ലിംഗമല്ല, ലൈംഗികമായ കാഴ്ചപ്പാടാണ് ഇവിടെ നിർണ്ണായകമാവുന്നത്. കെയ്ററ് മില്ലെററിൻെറ ഭാഷയിൽ പറഞ്ഞാൽ, 'ലൈംഗികരാഷ്ട്രീയം' (Sexual Politics) സ്ത്രീബോധമാവിഷ്കരിക്കാൻ ഭാഷ അപര്യാപ്തമാണെന്നതിനേക്കാൾ വലിയ പ്രശ്നം ഭാഷയെ സ്വതന്ത്രമായുപയോഗിച്ച് ഭാഷാപരമായ സിദ്ധികൾ വികസിപ്പിക്കാനുള്ള അവസരം സ്ത്രീക്ക് നിഷേധിക്കപ്പെടുന്നു എന്നതാണ്. അതിനാൽ 'വളച്ചുകെട്ടി'പ്പറയാൻ, പ്രതികരണങ്ങളിലൂടെ മാത്രം സംസാരിക്കാൻ, അവൾ നിർബന്ധിക്കപ്പെടുന്നു. ലൈംഗിക വ്യവഹാരത്തിൽ ഇത് പ്രത്യേകിച്ചും വ്യക്തമാണ്. പുരുഷൻെറ കാമപ്രകടനത്തെ, 'പുരുഷത്വ'ത്തിൻെറ പ്രഖ്യാപനമായി പ്രകീർത്തിക്കുന്ന സമുദായം സ്ത്രീയുടെ വികാരപ്രകടനത്തെ ചാപല്യമായി 'അടക്കമില്ലായ്മ'യായി, 'നടിക്ക'ലായി (നാരിനടിച്ചിടവും'നാരകം നട്ടി'ടവും മുടിയുമെന്ന് ചൊല്ല്) വിമർശിക്കുന്നു. സ്ത്രീശിശ്നഛേദം പരിഷ്കൃതസമുദായങ്ങളിൽ അക്ഷരാർത്ഥത്തിൽ നടക്കുന്നില്ലായിരിക്കാമെങ്കിലും പ്രതീകാത്മകമായി നടക്കുന്നു. വ്യവഹാരങ്ങളെല്ലാം പുരുഷൻെറ നിയന്ത്രണത്തിലാണ്; അതുകൊണ്ട് സമ്പൂർണ്ണമായ സ്വത്വാവിഷ്കാരം സ്ത്രീക്ക് ദുഃസ്സാദ്ധ്യമായിരിക്കുന്നു. പെൺമൊഴിയിൽ വിട്ടുപോകുന്ന വാക്കുകൾ അടിച്ചേല്പിക്കപ്പെട്ട മൗനങ്ങളെ, അബോധമായ ഒരു സെൻസർഷിപ്പിനെ, സൂചിപ്പിക്കുന്നു.

ശരീരം, ഭാഷ ഇവയ്ക്കൊപ്പം സമൂഹം നൽകിയ ലൈംഗികമായ 'റോളി'ൻെറ പ്രത്യേകതകളും സർഗ്ഗപ്രക്രിയയുമായുള്ള സ്ത്രീയുടെ ബന്ധം നിർണ്ണയിക്കുന്നുണ്ട്. ലൈംഗികമായ അസൂയ ഷണ്ഡത്വഭീതി, ഈഡിപ്പൽഘട്ടം എന്നിവ ഭാഷയോടും ഭാവനയോടും സംസ്കാരത്തോടുമുള്ള സ്ത്രീയുടെ ബന്ധം നിർവചിക്കുന്നതിൽ പങ്കുവഹിക്കുന്ന ചില ഫ്രോയ്ഡിയൻ പരികല്പനകളാണ്. ഫ്രെഞ്ച് മനോവിശകലനം—വിശേഷിച്ചും ലാകാനും സുഹൃത്തുക്കളും— ഷണ്ഡത്വഭീതി (Castration complex) എന്ന സങ്കല്പത്തെ സ്ത്രീകളുടെ സാഹിത്യപരവും ഭാഷാപരവുമായ പ്രതികൂലാവസ്ഥയുടെ ഒരു സമഗ്രരൂപകമാക്കി മാററിയിട്ടുണ്ട്. കുട്ടി ഭാഷ സ്വായത്തമാക്കുന്നതും അതിൻെറ പ്രതീക വ്യവസ്ഥയിൽ പ്രവേശിക്കുന്നതും ഈഡിപ്പൽ ഘട്ടത്തിലാണ്; തൻെറ ലൈംഗികമായ വ്യത്യാസം തിരിച്ചറിഞ്ഞംഗീകരിക്കുന്നതും അപ്പോൾ തന്നെ. ഈ ഘട്ടത്തിൽ 'ലംിഗ'ത്തെ ('Phallus'—ഇത് പിരുഷാവയവത്തെയല്ല സൂചിപ്പിക്കുന്നത്; ഇതൊരു പരികല്പന മാത്രമാണ്) ഭാഷയുടെ കേന്ദ്രസൂചകമായി സ്വീകരിക്കാൻ കുട്ടി നിർബന്ധിക്കപ്പെടുന്നു. ആൺകുട്ടി ഇത് സ്വാഭാവികമായി ചെയ്യുന്നു. എന്നാൽ പെൺകുട്ടിക്ക് ഒരു ഇല്ലായ്മ ('lack') എന്ന നിലയിൽ, നിഷേധാത്മകമായി മാത്രമേ ഭാഷയുടെ പ്രതീകവ്യവസ്ഥയിൽ പ്രവേശിക്കാനാവൂ. ഭാഷയുമായി അവളുടെ ബന്ധം മുഴുവൻ തന്നെ ഈ അഭാവത്താൽ നിർണ്ണയിക്കപ്പെട്ടതാണ്. എഴുത്തുകാരി ജീവിതമാരംഭിക്കുന്നതുതന്നെ ഭ്രഷ്ടയും ദരിദ്രയുമായിട്ടെന്നർത്ഥം. പെണ്ണെഴുത്തിൻെറ വ്യത്യാസം കിടക്കുന്നത് തൻെറ സ്ത്രീസ്വത്വവുമായി എഴുത്തുകാരിയ്ക്കുള്ള അസ്വസ്ഥവും പീഡിതവുമായ ബന്ധത്തിലാണെന്ന് ഗിൽബർട്ടും ഗുബാറും ചൂണ്ടിക്കാണിക്കുന്നു('The Mad Woman in the Attic') തൻെറ ലിംഗവിഭാഗത്തെ (gender) വേദനാകരമായ ഒരു പ്രതിബന്ധമോ ദൗർബല്യമോ അപര്യാപ്തതയോ ആയിട്ടാണ് സ്ത്രീ അനുഭവിക്കുന്നത്. മുൻകാലങ്ങളിലെ സ്ത്രീസാഹിത്യത്തിൽ കാണുന്ന അന്യതാബോധം, ഏകാകിത, ആതുരാവസ്ഥ ലോകത്തോടുള്ള വിദ്വേഷം, ഉന്മാദം—ഇവയൊക്കെ ഈ അധമബോധത്തിൻെറ ആവിഷ്കാരങ്ങളാണെന്ന് മുൻപറഞ്ഞ മനഃശാസ്ത്രജ്ഞർ പ്രസ്താവിക്കുന്നു. പുരുഷന്മാരായ വായനക്കാരുടെ വിമർശനത്തെക്കുറിച്ചുള്ള ഭയം, സംസ്കാരം അവരിൽ നിറയ്ക്കുന്ന ലജ്ജാശീലം, സ്വയം നാടകവത്കരിക്കുന്നതിലുള്ള വൈമുഖ്യം, സ്ത്രീകളായ വായനക്കാർക്കും മുൻഗാമികൾക്കും പിൻഗാമികൾക്കും വേണ്ടിയുള്ള ഉത്കണ്ഠ നിറഞ്ഞ അന്വേഷണം—ഇതെല്ലാം സ്ത്രീരചനകളുടെ ചില സവിശേഷതകളാണ്. സ്ത്രീയുടെ അ

സംതൃപ്ത സ്വപ്നങ്ങൾ മുഖ്യമായും രതിസംബന്ധമാണെന്നും പുരുഷന്മാരുടേത്, രതിസംബന്ധമെന്നപോലെ അഹംബോധം, അധികാരവാഞ്ഛ എന്നിവയുമായിക്കൂടി ബന്ധപ്പെട്ടവയാണെന്നുമുള്ള ഫ്രോയിഡിന്റെ വിഭജനത്തെ സമീപകാലത്തെ ഗൈനോ-ക്രിട്ടിക്കുകൾ (സ്ത്രീസാഹിത്യത്തെക്കുറിച്ചു പഠിക്കുന്ന സ്ത്രീ നിരൂപകർ) ചോദ്യം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ കാല്പനിക നോവലുകൾ രതിഭ്രമത്തെയാണ് ആവിഷ്കരിക്കുന്നതെന്ന് അവർ സമ്മതിക്കുന്നു: എന്നാൽ ഗൗരവമുള്ള രചനകൾ, സാമൂഹ്യസാഹചര്യങ്ങൾ അവർക്ക് നിഷേധിച്ചിരിക്കുന്ന ലോകത്തെയും അധികാരത്തെയും കുറിച്ചുള്ള ഫാൻറസികൾ—ഭ്രമകല്പനകൾ—ആണ് എന്നു കൂട്ടിച്ചേർക്കുന്നു. സരസ്വതിയമ്മ, ലളിതാംബിക അന്തർജ്ജനം, പി. വത്സല തുടങ്ങിയവരുടെ കഥാലോകം പരിശോധിച്ചാൽ ഇതു ശരിയാണെന്നു ബോദ്ധ്യമാവും. ബാലാമണിയമ്മയുടെയും സുഗതകുമാരിയുടെയും ഒ. വി. ഉഷയുടെയും സാവിത്രി രാജീവിന്റെയും വിജയലക്ഷ്മിയുടെയും മററും കവിതകളും ഈ സത്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. മാധവിക്കുട്ടിയുടെയും സാറാജോസഫിന്റെയും രചനകളിൽ ഈ രണ്ടംശങ്ങളും അന്യോന്യം ലയിച്ചുചേരുന്നു. ലൈംഗികത സ്വത്വബോധവും പെൺശക്തിയുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് ഈ സമന്വയം സാദ്ധ്യമാകുന്നത്.

ഫ്രോയ്ഡിനെ ഒഴിവാക്കി യുങ്ങിന്റെ ആദിരൂപസിദ്ധാന്തത്തെയും (ഉദ: ആനി സ്പ്രാററ്) ആർ. ഡി. ലെയിങ്ങിന്റെ 'വിഭക്ത സ്വത്വ'ത്തെക്കുറിച്ചുള്ള സിദ്ധാന്തത്തെയും ബാർബറാ റിഗ്നി), എറിക്സണ്ണിന്റെ 'ആന്തരികമായ സ്ഥലബോധ'ത്തെയും (ആൻഡ്രൂസ്) ആധാരമാക്കിയുള്ള മനഃശാസ്ത്ര പഠനങ്ങളും സ്ത്രീകളുടെ രചനകളിൽ നടന്നിട്ടുണ്ട്. പുതിയ ഒരു ഫെമിനിസ്ററ് മാനസിക വിശകലനത്തിനായുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഈഡിപ്പൽ ഘട്ടത്തിനുമുമ്പുള്ള ഘട്ടത്തെ (Pre Oedipal Phase) കേന്ദ്രീകരിച്ച്—പിതാവ് രംഗ പ്രവേശം ചെയ്യുംമുമ്പുള്ള ഈ ഘട്ടത്തിൽ മാതാവും ശിശുവുമായുള്ള വൈകാരികബന്ധങ്ങളെ ആധാരമാക്കി—നാൻസി ചൊദൊറോവിനെപ്പോലുള്ളവർ (The Re-Production of Mothering) അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രാഗ്ഈഡിപ്പൽ ഘട്ടത്തിൽ തന്നെ കുട്ടി വ്യത്യസ്തമായ ഒരു അഹംബോധവും, തന്റെ ശരീരം വേറെയാണെന്ന തിരിച്ചറിവും നേടുന്നു. സ്ത്രീയായ അമ്മ രണ്ടു ലിംഗവിഭാഗങ്ങളിലുംപെട്ട ശിശുക്കൾക്കും ആഗ്രഹവിഷയമാകുന്നു. ആൺകുട്ടികൾ സ്വയം നിർവചിക്കുന്നത് 'തങ്ങൾ പെൺകുട്ടികളല്ല' എന്ന നിഷേധാത്മക രൂപത്തിലാണ്; ഈ ബോധം വീണ്ടും വീണ്ടും ശക്തിപ്പെടുത്താൻ അവർ നിർബന്ധിതരാകുന്നു. മറിച്ച് പെൺകുട്ടിയുടെ ലൈംഗികമായ സ്വത്വബോധം ക്രിയാത്മകമാണ്; അമ്മയുമായുള്ള തന്മയീഭാവത്തിലും അനുസ്യൂതിയിലും അധിഷ്ഠിതമാണ്. അവൾക്ക് സ്ത്രീത്വം ഒരു പ്രശ്നമായി മാറുന്നത് ഈഡിപ്പൽ ഘട്ടത്തിൽ മാത്രമാണ് പുരുഷാധികാരവും പുരുഷസംസ്കാരവും ലൈംഗികവിഭജനത്തിന്റെ അർത്ഥം മാറിയ ശേഷം മാത്രം: ഇതെല്ലാമാണ് നാൻസി ചൊദൊറോവിന്റെ മുഖ്യനിഗമനങ്ങൾ. ഫെമിനിസ്ററ് മനശാസ്ത്രം മാതാവും പുത്രിയും തമ്മിലുള്ള ബന്ധത്തെയാണ് സ്ത്രീയുടെ സർഗ്ഗാത്മകതയുടെ കേന്ദ്രമായി പരിഗണിക്കുന്നത്. ഹാരോൾഡ് ബ്ലൂം ഇംഗ്ലീഷ്സാഹിത്യചരിത്രത്തെ മുഴുവൻ ശക്തരായ പിതാക്കളും അസൂയയും വിദ്വേഷവുമുള്ള പുത്രന്മാരും എന്ന ഈഡിപ്പൽ മാതൃകയുപയോഗിച്ച് അപഗ്രഥിച്ചിട്ടുണ്ട്. നേരെമറിച്ച് മാതാക്കളും പുത്രിമാരും എന്ന രീതിയിൽ, സ്ത്രൈണബന്ധത്തിന്റെ (female boning) അടിസ്ഥാനത്തിൽ, സാഹിത്യത്തിലെ ഒരു ബദൽപാരമ്പര്യം കണ്ടെത്തുകയാണ് എലിസബത്ത് ഏയ്ബെൽ ചെയ്യുന്നത്, കാത്തി ഡേവിഡ്സൺ, ഇ എം. ബ്രോണെർ എന്നിവരും ഈ രീതിയിൽ അന്വേഷണം നടത്തിയിട്ടുണ്ട്. എഴുത്തുകാരികളും സ്ത്രീകഥാപാത്രങ്ങളും തമ്മിലുള്ള ബന്ധങ്ങളും ഇവിടെ പരിശോധനാവിധേയമാകുന്നു (The Lost Tradition; Mothers and Daughters in Literature). സാറാ ജോസഫിന്റെ 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയിൽ എഴുത്തുകാരിക്ക് പുരുഷോത്തമനോടുള്ള വിദ്വേഷം രത്യുന്മുഖമെന്നതിനേക്കാൾ അധികാരോന്മുഖമാണ്. മേബിൾ അമ്മായിയെക്കുറച്ചുള്ള സ്വപ്നം സ്ത്രീസാഹോദര്യത്തെക്കുറിച്ചുള്ള ഒരു ഭ്രമകല്പനയാണ്. എഴുത്തുകാരിക്ക് അവരോടുള്ള ബന്ധം നേര

ത്തേ പറഞ്ഞ തരത്തിലുള്ള ഒരു സ്ത്രൈണബന്ധമാണ്. അമ്മായിയുടെ കടലോരത്തെ വീട് ഓരോ സ്ത്രീയുടെയും ഉള്ളിലെ സ്വാതന്ത്ര്യാവിഷ്കാരത്തിന്റേതായ ഒരു ആന്തര സ്ഥലമാണ്. 'മുടിത്തെയ്യ'ത്തിൽ സനാതനനെ വെല്ലുവിളിക്കുന്ന ലളിതയിൽ കാമോർജ്ജം തന്നെ വിമോചനശക്തിയുമാകുന്നു. മുടിയുടെ പ്രതീകം ഇവയെ രണ്ടിനെയും ബന്ധിപ്പിക്കുന്നു സ്ത്രീയെ നിർവചിക്കാനുള്ള ഏതു ശ്രമവും ആരംഭിക്കേണ്ടത് ലൈംഗികാനുഭൂതിയുടെ അന്തരത്തിൽ നിന്നാണെന്ന് മനഃശാസ്ത്രർ പറയുന്നുണ്ട്. ഇവിടെയാണ് ലൈംഗികതയുടെ സമ്പദ്ശാസ്ത്രത്തിലെ (Libidinal economy) ഉർജ്ജം സംഭരിക്കയും സംഘടിപ്പിക്കയും ചില വഴിക്കുകയും ചെയ്യുന്ന രീതിയിലെ — വ്യത്യാസം ആരംഭിക്കുന്നതെന്ന് ഴാക്‌ലകാൻ പറയുന്നു. സ്ത്രീയുടെ രതിമൂർച്ഛയും ലൈംഗികാനുഭൂതിയും പുരുഷന്റെ ഭാഷക്ക് പുറത്താണ് അതുകൊണ്ട് തന്നെ അവ ഇന്നോളം വിവരിക്കപ്പെട്ടിട്ടില്ല; സൂചിതമായിട്ടേ ഉള്ളൂ. ഇക്കാരണത്താൽ സ്ത്രൈണതയ്ക്ക് ഇനിയും മൂർത്തമായ അസ്തിത്വം കൈവന്നിട്ടില്ല. അസ്തിത്വം നൽകപ്പെട്ടാൽ അത് ലോകത്തെ മുഴുവൻ മാററും. ഇതറിയാവുന്നതുകൊണ്ട് പുരുഷൻമാർ അതിനെ തങ്ങളുടെ പ്രതീകവ്യവസ്ഥയ്ക്ക് പുറത്തുനിർത്തിയിരിക്കുന്നു. ലോകത്തെ മാററുന്ന തങ്ങളുടേതായ, ഭാഷ കണ്ടെത്താനാണ്, സ്ത്രൈണതയ്ക്ക് നാവു നൽകാനാണ്, സ്ത്രീവിമോചനവാദികൾ ശ്രമിക്കുന്നത്. മലയാളത്തിൽ അത്തരത്തിലുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ആരംഭം സരസ്വതിയമ്മയിലും മാധവിക്കുട്ടിയിലും സാറാജോസഫിലും കാണാം.

സ്ത്രീകൾ സ്വന്തം ശരീരത്തെയും പ്രത്യുത്പാദനധർമ്മത്തെയും ലൈംഗിക പങ്കാളിത്തത്തെയും നോക്കിക്കാണുന്ന രീതികൾ സാംസ്കാരികപരിസരവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീമനസ്സ് സാംസ്കാരികശക്തികളാൽ കൂടി നിർമ്മിക്കപ്പെട്ടതാണ്. ഭാഷയുടെ ഉപയോഗരീതി നിശ്ചയിക്കുന്നതിലും സാംസ്കാരികമായ ആദർശങ്ങൾക്കും സാമൂഹ്യമായ പെരുമാററത്തിന്നും പങ്കുണ്ട്. വർഗം, വംശം, ദേശം, ചരിത്രം — ഇവയെല്ലാം സ്ത്രീകളുടെ സാഹിത്യസൃഷ്ടിയിൽ ഇടപെടുന്നുണ്ട്. എന്നാൽ സ്ത്രീയായിരിക്കുക എന്ന സാംസ്കാരികാനുഭവം ഇവയ്ക്കെല്ലാം അതീതമായഒരു സംഘാനുഭൂതിയാണ്. ചരിത്രത്തിൽ സ്ത്രീകൾ അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനു കാരണം ചരിത്രത്തെത്തന്നെ പുരുഷകേന്ദ്രികമായികാണുന്ന രീതിയാണെന്ന് ഗെർഡ്ദാ ലേണെർ പറയുന്നു. (The challenge of women's History) പൊതുസംസ്കാരത്തിനുള്ളിൽ നിലനിൽക്കുന്ന സ്ത്രീസംസ്കാരത്തെ കണ്ടെത്തിക്കൊണ്ടേ ഈ വിടവുനികത്താനാവൂ. ഓരോ യുഗത്തിലും സ്ത്രീയുടെ അനുഭവം കൂടി ഉൾക്കൊള്ളാത്ത ചരിത്രം പുരുഷന്റെ മാത്രം ചരിത്രമാണ്. സ്ത്രീയുടെ കണ്ണിലൂടെ കണ്ടാൽ, അവർ നിർവ്വചിക്കുന്ന മൂല്യങ്ങളനുസരിച്ച് ക്രമീകരിച്ചാൽ, ചരിത്രം എങ്ങനെയിരിക്കും? ഇതു കണ്ടെത്താൻ പുരുഷന്മാർതന്നെ നിർവ്വചിച്ചു നിയന്ത്രിച്ചുപോന്ന 'സ്ത്രീയുടെ മണ്ഡലം' പരിശോധിച്ചാൽ പോര; സ്ത്രീജീവിതങ്ങൾ സൃഷ്ടിച്ച പ്രവർത്തനങ്ങൾ, പെരുമാററങ്ങൾ ധർമ്മങ്ങൾ, ഇവയെ യഥാർത്ഥമായി പരിശോധിക്കണം. പുരുഷൻ നിർമ്മിച്ചുവെച്ച 'ആദർശ വനിത' യുടെ മാതൃക ഇപ്പോഴും സ്ത്രീകൾ സ്വാംശീകരിച്ചിട്ടുള്ളതുകൊണ്ട് ഈ കൃത്യം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്. സ്ത്രീസംസ്കാരമെന്നാൽ മൂല്യങ്ങൾ, ബന്ധങ്ങൾ, സ്ഥാപനങ്ങൾ, സംവേദനരീതികൾ, ഇവയൊക്കെച്ചേർന്ന വിശാലമായ ഒരു സംഘ സംസ്കാരമാണ്. അത് ഒരു ഉപസംസ്കാരമല്ല സ്ത്രീകൾ പൊതുസംസ്കാരത്തിൽ പങ്കുകൊള്ളുന്നുണ്ട്, ഒപ്പം തങ്ങളുടെ മേൽ പുരുഷൻ അടിച്ചേല്പിച്ച അധിനിവേശത്തെ ചെറുത്ത് തുല്യപങ്കാളിത്തത്തിന്നായി നടത്തുന്ന കൂട്ടായ ശ്രമങ്ങളിലൂടെ ഒരു സ്ത്രീസംസ്കാരത്തിൽ അംഗങ്ങളാകുന്നുമുണ്ട് സ്ത്രീകൾ സമൂഹത്തിന്റെ ഒരു നിശ്ശബ്ദിതവിഭാഗമാണെന്നു (ജാൺ അബ്രഹാമിന്റെ 'അഗ്രഹാരത്തിൽ കഴുത' യിലെ ഊമപ്പെണ്ണ്—പുരുഷനാൽ ആക്രമിക്കപ്പെട്ട് ചാപിള്ളയെ ഗർഭം ധരിച്ചവൾ—ഈ അവസ്ഥയുടെ ഒരു തീവ്രാവിഷ്കാരമാണ്, അവൾക്കും സന്തതികൾക്കും ഭാഷയില്ലാത്ത സഹനം മാത്രമേയുള്ളൂ.) അവരുടെ യാഥാർത്ഥ്യവും സംസ്കാരവും കുറെയൊക്കെ അധീശ (പുരുഷ) വിഭാഗത്തിന്റേതുമായികലരുന്നുണ്ടെങ്കിലും തീർത്തും അതിൽ ലയിച്ചുചേരുന്നില്ലെന്നും ഓക്സ്ഫഡിലെ നരവംശശാസ്ത്രജ്ഞരായ ഷെർളി ആർഡെനെർ, എഡ്വിൻ ആർഡെനർ എന്നിവർ അഭിപ്രായപ്പെടുന്നുണ്ട്.

അധീശവിഭാഗം അവരെക്കാണുന്ന രീതിയും, അവർതങ്ങളെത്തന്നെ കാണുന്ന രീതിയും വ്യത്യസ്തമാണ്. അതുകൊണ്ട് പുരുഷനെ കേന്ദ്രീകരിച്ചുള്ള ചരിത്രത്തിന് സ്ത്രീസംസ്കാരത്തെ വസ്തുനിഷ്ഠമായി വിലയിരുത്താൻ കഴിയുകയില്ല. 'നിശ്ശബ്ദിതസംസ്കാരമെന്നതുകൊണ്ട്' അധികാരത്തിലും ഭാഷയിലും സ്ത്രീ അനുഭവിക്കുന്ന ഇല്ലായ്മകളെയാണ് ആർഡെനെർമാർ സൂചിപ്പിക്കുന്നത്. പുരുഷന്റെ ഭാഷയിലൂടെ സ്ത്രീക്ക് സംസാരിക്കേണ്ടിവരുന്ന അവസ്ഥയെക്കുറിച്ച് മുമ്പ് പ്രസ്താവിച്ചുവല്ലോ. ആചാരങ്ങൾ, കലകൾ— ഇവയിലൂടെയാണ് സ്ത്രീസംസ്കാരം സ്വന്തം ഭാഷ കണ്ടെത്താൻ ശ്രമിച്ചിട്ടുള്ളതെന്ന് എഡ്വിൻ ആർഡെനെർ പറയുന്നു. ഇവയിലൂടെ പുരുഷനു പ്രവേശനമില്ലാത്തതും പുരുഷന്റേതിൽനിന്നു ഭിന്നവുമായ അനുഭവങ്ങളുടെ ഒരു 'വന്യമേഖല' സ്ത്രീ നിലനിർത്തിപ്പോന്നു. സ്ത്രീയെ കേന്ദ്രീകരിച്ചുള്ള കലയുടെയും വിമർശനത്തിന്റെയും സിദ്ധാന്തത്തിന്റെയും മേൽവിലാസമാകേണ്ടത് ഈ വന്യമേഖലയാണ്. അടിച്ചമർത്തപ്പെട്ട എല്ലാററിന്റെയും മേഖലയായ ഇവിടെനിന്നാണ് സ്ത്രീ തന്റെ വിപ്ലവത്തിനു ശബ്ദം നൽകുന്നത്. പുരുഷാധിനിവേശത്തിന്റെ നാട്ടിൽനിന്ന് ഓടിപ്പോരുന്ന സ്ത്രീ തന്റെ ഒളിപ്പോർ സംഘടിപ്പിക്കുന്നതിവിടെയാണ്. വിമോചിതമായ അഭിലാഷത്തിന്റെയും സ്ത്രൈണമായ ആധികാരികതയുടെയും മാതൃരാജ്യമാണിത്. അത്ഭുത ലോകത്തിലെ ആലീസിനെപ്പോലെ സ്ത്രീ കണ്ണാടിയിലൂടെ കടന്ന് മറുപുറത്തെത്തുന്നത് ഇവിടെയാണ്. പുരുഷന്റെ ലോകത്തുനിന്നു തീർത്തും സ്വതന്ത്രമായ ഒരു ലോകം നിർമ്മിക്കാനുള്ള ശ്രമമാണ് ഉത്തരാധുനികരായ (Post-modern) സ്ത്രീ നോവലിസ്ററുകൾ നടത്തുന്നത്. (ഉദാ: ചാർലററ് പെർകിൻസ് ഗിൽമാൻ, ജൊവാനാ റസ്സ്, എലിസബത്ത് ഗാസ്കെൽ). ഈ സ്ത്രീമേഖല ഒരു പ്രദേശമെന്നതിനെക്കാൾ ഒരു തീരമോ ഒരതിർത്തിയോ ആണെന്നുപറയാം. സ്ത്രീസ്വാതന്ത്ര്യം ഒരു രാജ്യമെന്നതിനെക്കാൾ ആ അനന്തതയിലേയ്ക്ക്, കടലിലേയ്ക്ക്, കടക്കാനുള്ള സാദ്ധ്യതയും. (മേബിൾ അമ്മായിയുടെ വീട് കടലിലേയ്ക്കു നോക്കുന്നത് ഓർക്കുക) ഈ അതിർത്തിയിൽനിന്നുകൊണ്ട് പുരുഷന്മാരുടെ രചനകളെ വിചാരണ ചെയ്യുകയാണ് ആക്രമാസക്തമായ ഫെമിനിസ്ററു നിരൂപണം ചെയ്യേണ്ടതെന്ന് മൈറാ ജെഹ്ലെൻ പറയുന്നു. ഇത് ഒരു ന്യൂനീകരണമാണെന്നു തോന്നാം. നിശ്ശബ്ദിതരായ ഗ്രൂപ്പുകൾ സ്ത്രീകൾ മാത്രമല്ല. അമേരിക്കയിലെ ഒരു നീഗ്രോസ്ത്രീ, ഇന്ത്യയിലെ ഒരു ആദിവാസി സ്ത്രീ—നീഗ്രോ, ആദിവാസി എന്നീ നിലകളിലും ഇവർ നിശ്ശബ്ദരാക്കപ്പെട്ടിരിക്കുന്നു. സാംസ്കാരികമണ്ഡലത്തിൽ പല ശക്തികളും അന്യോന്യം ഖണ്ഡിക്കുന്നുണ്ട്. ഒരെഴുത്തുകാരിയുടെ സ്ഥാനം നിർണ്ണയിക്കുന്നതിൽ വർഗ്ഗം, വർണ്ണം, സാഹിത്യവിഭാഗം, ഭാഷാപാരമ്പര്യം, എഴുത്തുകാരും വായനക്കാരുമായുള്ള ബന്ധങ്ങൾ, വരേണ്യകലയും ജനകീയ കലയുമായുള്ള ബന്ധങ്ങൾ, ഇവയ്ക്കെല്ലാം പ്രാധാന്യമുണ്ട്. സാഹിത്യചരിത്രത്തിൽ ശൂന്യമായിക്കിടക്കുന്ന പല ഘട്ടങ്ങളിലും സ്ത്രീകൾ പുതിയ സാഹിത്യമാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നതിന് സമീപകാലത്ത് തെളിവുകൾ ലഭിച്ചിട്ടുണ്ട്. വെർജീനിയ വൂൾഫിന്റെ പാരമ്പര്യം ആധുനിക സാഹിത്യത്തിന്റേതല്ല, കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലാരംഭിച്ച സ്ത്രീ സാഹിത്യത്തിന്റേതാണെന്ന് ഫെമിനിസ്ററ് നിരൂപകർ പ്രസ്ഥാവിച്ചിട്ടുണ്ട്. എഴുത്തിന് അച്ഛൻമാരെന്നപോലെ അമ്മമാരുമുണ്ട്. സ്ത്രീകളുടെ രചനകളിൽ അധീശത്വത്തിന്റെ ഒരു പ്രത്യക്ഷ പാഠത്തോടൊപ്പം നിശബ്ദമാക്കപ്പെട്ട ഒരു മറുപാഠവുമുണ്ട്. ശ്രദ്ധിച്ചു വായിച്ചാൽ സ്ത്രീരചനകളിലെ മൗനം അർത്ഥംകൊണ്ടു നിറയുന്നതും ഈ മറുപാഠം ഉയർന്നുവരുന്നതും കാണാൻ കഴിയും.

എല്ലാ എഴുത്തുകാരിലും എതിർ ലൈംഗികതയുടെ അംശമുണ്ടെന്ന് ഹെലൻ സിക്സസ് വാദിക്കുന്നുണ്ട്. അടിച്ചമർത്തും തോറും ചേഷ്ടകളിലും പ്രതീകങ്ങളിലും പ്രവണതകളിലുകൂടി ഈ അപരസ്വത്വം ഉയിർത്തുവരുന്നു. ഷെനെയെപ്പോലുള്ള എഴുത്തുകാരിൽ സ്വവർഗ്ഗരതിയുടെ രൂപത്തിൽ ഇതു തികച്ചും പ്രത്യക്ഷമാകുന്നുവെന്നേയുള്ളൂ. മനുഷ്യമനസ്സ് അർദ്ധനാരീശ്വരനെപ്പോലെ സ്ത്രീം പുരുഷാംശങ്ങൾ വഹിക്കുന്നുവെന്നും എഴുത്തുകാരെ ലൈംഗികാടിസ്ഥാനത്തിൽ വിഭജിക്കുന്നത്-ശാരീരികമായ അർത്ഥത്തിൽ-ഏറെയൊ

ന്നും പ[illegible]ത്തല്ലെന്നും അവർ പറയുന്നു. എഴുത്തിന് സ്വയം ലിംഗമില്ലെന്ന് ജൂലിയാ ക്രിസ്റേറവായും അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ എഴുത്തിനോട് സ്ത്രീകൾ ബന്ധപ്പെടുന്ന രീതി പുരുഷന്മാരുടേതിൽ നിന്നു ഭിന്നമാണ്. സ്ത്രീകളുടെ ഒരു പ്രധാന പ്രമേയം ശരീരമാണ്. സംതൃപ്തിയോടെ അഥവാ ഭീതിയോടെ ആ ശരീരം കാണാനും തൊടാനും മണക്കാനുംീസ്ത്രകളുടെ കഥകളും കവിതകളും നമ്മെ ക്ഷണിക്കുന്നു. ക്രിസ്റേറവാ കാണുന്ന മറെറാരു സവിശേഷത അവയുടെ ശുഭാപ്തി വിശ്വാസത്തിന്നടിയിൽ പോലുമുള്ള വിശ്വാസരാഹിത്യമാണ്. ലക്ഷ്യങ്ങളെയും പദ്ധതികളെയും അർത്ഥങ്ങളെയും അവ അവിശ്വസിക്കുന്നു. അബോധത്തിന്റെ ഘടകം അവയിൽ ശക്തമാണ്. സ്നേഹത്തെ അവ പുതുതായി നിർവ്വചിക്കാൻ ശ്രമിക്കുന്നു. ക്രിസ്തുവും കന്യാമറിയവും തമ്മിലുള്ള സ്നേഹത്തെ ഉദാത്തീകരിച്ചുകൊണ്ട് പെൺകുട്ടിയും അമ്മയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ക്രിസ്തുമതം മൗനം ദീക്ഷിക്കുന്നു. (കൃഷ്ണനും യശോദയുമായുള്ള ബന്ധവും ഇത്തരം തന്നെ) സ്ത്രീയും സ്ത്രീയും തമ്മിൽ, അമ്മയും പെൺമക്കളും തമ്മിൽ, മറെറാരുതരം സ്നേഹബന്ധമുണ്ട്. അത് അനാഛാദനം ചെയ്യാൻ ഇന്നത്തെ എഴുത്തുകാരികൾ ശ്രമിക്കുന്നു. സ്ത്രീകളുടെ ശൈലിയെ സംബന്ധിച്ച് ക്രിസ്റേറവാ കാണുന്ന പ്രത്യേകത, സൂചകങ്ങളെയും കവിഞ്ഞു നിൽക്കുന്ന ഒരു വൈകാരിക വൈദ്യുതി അവയിലുണ്ടെന്നതാണ്. ഈ തീവ്രവികാരം അതിന്റെ ചിഹ്നത്തെ കണ്ടെത്താതെ തന്നെ സ്ത്രീഭാഷയിൽ നിറഞ്ഞു നിൽക്കുന്നു. രചനാപരമായ ഒരു അപൂർണ്ണതയാണ് ഇതിന്റെ ഫലം. ഭാഷ ആവിഷ്കൃതമായ വികാരത്തിനൊത്ത് ഉയരാത്തതു പോലുള്ള ഒരനുഭവം; ശില്പപരമായ ഒരു പോരായ്മ. പലപ്പോഴും വളരെക്കുറച്ചു വാക്കുകൾ കൊണ്ടാണ് അവർ ഒട്ടേറെ പറയാൻ ശ്രമിക്കുക (മാധവിക്കുട്ടിയുടെ കഥകളുടെ ശബ്ദാവലി എത്രയോ പരിമിതമാണ്.) സ്ത്രീകൾ ശില്പരചന ഉദ്യമിച്ചാൽ അതു പലപ്പോഴും പദപ്രശ്നമായി മാറുന്നു, അല്ലെങ്കിൽ പറയപ്പെടാത്ത വികാരം മൗനമായി രചനയിലുടനീളംനിലനിൽക്കുന്നു. "അസ്തിത്വരാഹിത്യത്തിന്റെ (non - being) ഭാഷണം" എന്ന് ഇതിനെ വിളിക്കാം. എന്നാൽ, സ്ത്രീക്കുമാത്രമായി ഒരു ഭാഷ എന്ന ആശയത്തോട് ക്രിസ്റേറവാ, യോജിക്കുന്നില്ല. യഹൂദർക്ക് നാസികൾ കൊടുത്ത സ്ഥാനമാണ് പല ഫെമിനിസ്ററുകളും പുരുഷനു കൊടുക്കുന്നതെന്നും ഇതു സംഘടിതമായ വരട്ടുതത്ത്വവാദവും മതം പോലെ ഒരു മയക്കുമരുന്നുമാണെന്നും ആവർ പറയുന്നു എത്ര സ്ത്രീകളുണ്ടോ സ്ത്രീത്വത്തെക്കുറിച്ച് അത്ര സങ്കല്പങ്ങളും വേണം. സ്വന്തം അവസ്ഥയെ നേരിടുന്നതൊഴിവാക്കാനാണ് പല സ്ത്രീകളും 'സ്ത്രീവംശ'വുമായി തൻമയീഭവിക്കുന്നതെന്ന് അവർ പരാതിപ്പെടുന്നു. ഇതിന്റെ ഫലം മോഹഭംഗമോ വരട്ടുതത്ത്വവാദമോ ആണ്. സമഗ്രജ്ഞാനത്തെ നിഷേധിക്കുന്ന അവസ്ഥയിൽ അത് എത്തിച്ചേരാം ഫ്രോയ്ഡിനോട് ചില ഫെമിനിസ്ററുകൾ കാണിക്കുന്ന അസഹിഷ്ണത—പൊതുവേ സിദ്ധാന്തത്തോടു തന്നെയുള്ള വൈമുഖ്യം—ജൂലിയ ക്രിസ്റേറവായുടെ നിശിത വിമർശനത്തിനു വിധേയമാകുന്നുണ്ട്. അതേ സമയം ഫെമിനിസത്തിന് ഒരു ധർമ്മനീതിയുണ്ടെന്ന് അവർ കാണുന്നു. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മാനുഷിക ശാസ്ത്രങ്ങളുടെ പരിമിതികളെ വിമർശിക്കുന്നതിൽ ഫെമിനിസത്തിന് പങ്കുണ്ട്. സത്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ വിപുലമാക്കാൻ, കൂടുതൽ വിഭാഗങ്ങളുടെ അനുഭവങ്ങൾ ഉൾക്കൊള്ളാനാവും വിധം ശാസ്ത്രത്തിന്റെ അടിസ്ഥാനം വികസിപ്പിക്കാൻ അതു ശ്രമിക്കുന്നു. സ്ത്രീകളുടെ അസ്ഥിത്വം എന്നും നിഷേധാത്മകമാകേണ്ടതുണ്ടോ? മാറി മാറി വരുന്ന യജമാനൻമാരുടെ തത്ത്വങ്ങളോടൊട്ടിനിൽക്കാതിരുന്നാൽ 'മൂശേട്ട' കളും 'ആഭിചാരക്കാരി' കളുമായി കരുതപ്പെടുന്ന അവരുടെ അവസ്ഥ ഇനിയും നിലനിൽത്തണമോ? സ്വന്തം ആഹ്ലാദത്തിനായി തനതായ യുക്തിയും സ്നേഹവും നിറഞ്ഞ ഒരു ലോകം സൃഷ്ടിക്കുവാൻ അവർക്കവകാശമില്ലേ?

ഇംഗ്ലീഷ് സാഹിത്യത്തിലെ സ്ത്രീപാരമ്പര്യത്തെ എലെയ്ൻ ഷോവാൾടർ മൂന്നു ഘട്ടങ്ങളിലായി വിഭജിക്കുന്നുണ്ട്. (Towards a Feminist Poetics') ആദ്യഘട്ടത്തിൽ (1840-80) പുരുഷസംസ്കാരത്തോടൊപ്പമെത്താനാണ് സ്ത്രീകളുടെ ശ്രമം. സ്ത്രീസ്വഭാവത്തെക്കുറിച്ചുള്ള പുരുഷസങ്കല്പങ്ങളെ സ്വാംശീ

കരിച്ച ഇവരിൽ പലരും പുരുഷനാമങ്ങം തന്നെ സ്വീകരിച്ചു, ജോർജ്ജ് എലിയററ്, ആക്ററൺബെൽ എന്നിങ്ങനെ. പേരിൽ മാത്രമല്ല രചനാശൈലി, ഘടന, സ്വരം, പാത്രചിത്രീകരണം ഇവയിലൊക്കെ ഈ ലിംഗനിഗൂഹനം സമ്മർദ്ദം ചെലുത്തി. അതേ കാലത്തെ അമേരിക്കൻ എഴുത്തുകാരികരം സ്വയം നിസാരരാക്കുന്ന തൂലികാനാമങ്ങരം (ഫാനിഫേൺ, ഗ്രെയ്സ് ഗ്രീൻവുഡ ) സ്വീകരിക്കയും അവയ്ക്കുപിറകിൽ ഊർജ്ജസ്വലമായ രചനകരം നടത്തുകയും ചെയ്തു. ചിലർ പുരുഷന്റെ തൂലികാനാമം സ്വീകരിച്ചെങ്കിലും പേരിലും രചനയിലും സ്ത്രീയുടെ മുദ്രകരം ഒളിപ്പിച്ചുവയ്ക്കുകയും ചെയ്തു. ഈ ഘട്ടത്തെ ഷോവാരൾടർ 'ഫെമിനിൻ' എന്നു വിളിക്കുന്നു. രണ്ടാമത്തെ 'ഫെമിനിസ്ററ്' ഘട്ടത്തിൽ (1880—1920)വഞ്ചിക്കപ്പെട്ട സ്ത്രീത്വം ഒരു മുഖ്യപ്രമേയമായി മാററുന്നു. ഫ്രാൻസെസ് ട്രൊല്ലോപ്, എലിസബത്ത് ഗാസ്കെൽ തുടങ്ങിയവരുടെ കൃതികളിൽ ദുഃഖിതകളായ സഹോദരികളോടുള്ള ഉത്തരവാദിത്വമാണ് കാണുക. ആൺ നിയമങ്ങളെയും ആൺവൈദ്യത്തെയും ആൺഭരണകൂടത്തെയും ചെറുക്കുവാൻ അവർ പലപ്പോഴും സ്ത്രീകളുടെ മാത്രമായ സ്വപ്നരാജ്യങ്ങരം — 'ഉട്ടോപ്പിയകരം— അവതരിപ്പിച്ചു. 1890 കളിലെ 'ആമസോൺ ഉട്ടോപ്പിയ' കളിൽ സ്വയം പൂർണ്ണമായ സ്ത്രീസമൂഹങ്ങളുടെ പ്രവചനങ്ങളുണ്ട്. ലൈംഗികതയും യുദ്ധവും പ്രമേയമാക്കുന്ന പുരുഷരചനകളെ ഇവരിൽ പലരും (ഉദാ: ഷാർലററ് പെർകിൻസ് ഗിൽമാൻ) വിമർശിച്ചു. വിമോചിതയായ ഒരു സ്ത്രീ സാഹിത്യം സ്വപ്നം കണ്ടു. ഇതിന്റെ ഫലം 'ഫെമിനിസ്ററ് സോഷ്യലിസ്ററ് റിയലിസം' എന്നു വിളിക്കാവുന്ന ആവിഷ്കരണങ്ങളായിരുന്നു. 1920 മുതൽ 'ഫീമെയ്ൽ' ഘട്ടം തുടങ്ങി. പുരുഷൻമാരെ എതിർക്കുന്നതും പുരുഷൻമാരെ അനുകരിക്കുന്നതും ഒരേപോലെ പുരുഷനെ ആശ്രയിക്കുന്ന സാഹിത്യമാണെന്നും, മറിച്ച് സ്വച്ഛന്ദമായ ഒരു സാഹിത്യം സൃഷ്ടിക്കാൻ സ്ത്രീയുടെ അനുഭവത്തെ ആഴത്തിൽ അപഗ്രഥിക്കയാണുവേണ്ടതെന്നും എഴുത്തുകാരികരം ഈ ഘട്ടത്തിൽ വിശ്വസിച്ചുതുടങ്ങി. ഡൊറോത്തി റിച്ചാഡ്സൺ, വെർജീനിയാ വൂംഫ് തുടങ്ങിയവർ പുരുഷന്റെയും സ്ത്രീയുടെയും വാക്യഘടനകരം പരിശോധിക്കുകയും, സ്വന്തം രചനകളെത്തന്നെ പുരുഷസ്വഭാവമുള്ള ജേർണ്ണലിസവും സ്ത്രീസ്വഭാവമുള്ള ഭാവനാത്മക രചനകളുമായി തീരുകയും ചെയ്തു. ബാഹ്യവും ആഭ്യന്തരവുമായ അനുഭവങ്ങളെ പുനർനിർവ്വചിച്ച് ലൈംഗികാത്കരിക്കാൻ അവർ ശ്രമിച്ചു. സ്വപ്നം കണ്ട 'സ്വന്തമായ മുറി' ഒരാരം മാത്രമല്ല ഒരു പ്രഥമസോൺ സ്വപ്നലോകമാണെന്നുപറയാം.

ഈ വിഭജനം മലയാളത്തിൽ അതേപടി പ്രയോഗിക്കുന്നത് അബദ്ധമായിരിക്കും. എങ്കിലും സ്ത്രീകരം മൂന്നുതരം രചനകരം നിർവ്വഹിക്കുന്നതായിക്കാണാം. ആദ്യത്തേത് പുരുഷപ്രത്യയശാസ്ത്രം സ്വാംശീകരിച്ച സ്ത്രീർചനകളാണ്. ജനപ്രിയവാരികകളിൽ സ്ത്രീകളെഴുതുന്ന കാല്പനിക നോവലുകളേറെയും ഈ വിഭാഗത്തിൽപെടും. ഇവിടെ സാമൂഹ്യസ്ഥലം (Social Space) പുരുഷൻമാർക്കുള്ള ഒരു പൊതുമണ്ഡലവും സ്ത്രീകരംക്കുള്ള ഒരു സ്വകാര്യമണ്ഡലവുമായി പകുക്കപ്പെടുന്നു. സ്ത്രീജൻമത്തിന്റെലക്ഷ്യം പുരുഷ പ്രാപ്തിയാണെന്ന മിഥ്യയെ ഈ നോവലുകരം ഊട്ടിയുറപ്പിക്കുന്നു, രാഷ്ട്രീയം വർജ്ജിക്കപ്പെടുന്നു. പുരുഷന്റെ വഞ്ചനയും സ്ത്രീയുടെ ദുരിതവും ഇവിടെയും കടന്നുവരാറുണ്ട്. എന്നാൽ അവ എളുപ്പം വിൽക്കാവുന്നതും ലിററർ കണക്കിന് കണ്ണീർ ഉല്പാദിപ്പിക്കാവുന്നതുമായ ഒരു പ്രേമേയം മാത്രമാണിവിടെ. വഞ്ചിക്കുന്നത് പുരുഷനല്ല, ഒരു പ്രത്യേക പുരുഷനാണ്. വഞ്ചിക്കാത്തപുരുഷന്മാരെക്കുറിച്ചുള്ള അനാവിഷ്കൃതമായ പ്രതീക്ഷ ഇവിടെയുണ്ട്. ത്രികോണത്തിൽ തിന്മകളുടെ ആകാരമായ ഒരു പ്രതിനായകനെന്നപോലെ നൻമകളുടെ വിളനിലമായ ഒരു നായകനും ഉണ്ട്. രണ്ടാമത്തെ വിഭാഗം, സാമൂഹ്യ—സാമുദായിക പ്രശ്നങ്ങളെ ഉത്തരവാദിത്തത്തോടെ പ്രതിപാദിക്കുന്ന രചനകളാണ്. ഇവിടെ സ്ത്രീയുടെ പ്രശ്നവും സാമൂഹ്യപ്രശ്നത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ, ചിലപ്പോരം തീവ്രമായിത്തന്നെ, കടന്നുവരുന്നുണ്ട്. സ്ത്രീയുടെ അനുഭവജ്ഞാനവും ഐന്ദ്രിയതയും ഈ രചനകളെ സമ്പന്നമാക്കാതിരിക്കുന്നില്ല. ലളിതാംബിക അന്തർജനത്തിന്റെയും പി. വത്സലയുടെയും രചനകരം പരിചിതമായ ഉദാഹരണങ്ങളായിപ്പറയാം. മൂന്നാമത്തെ വിഭാഗം, സ്ത്രീകരംക്കു മാത്രം രചിക്കാനാവുന്നതും വിവിധ രീതികളിൽ സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നതുമായ കൃതി

കളാണ്. സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാജോസഫ് എന്നിവരുടെ കഥകൾ ഭിന്നരീതികളിൽ സ്ത്രീസ്വത്വത്തിലൂന്നുന്നു.

ഫെമിനിസ്ററ് നിരൂപണം സാഹിത്യത്തിലെ അംഗീകൃത പാരമ്പര്യങ്ങളെ ചോദ്യം ചെയ്യുന്നു. നിരൂപണപാരമ്പര്യം സ്ത്രീകളെ അവരുടെ കീഴാളത്തം അംഗീകരിക്കാൻ പ്രേരിപ്പിക്കുന്ന സ്വഭാവരൂപങ്ങളെയാണ് ഉയർത്തിപ്പിടിച്ചുപോന്നിട്ടുള്ളത്. ഒന്നുകിൽ അത് സ്ത്രീകളെ തരംതാഴ്ത്തുകയോ അവഗണിക്കുകയോ ചെയ്യുന്നു;അല്ലെങ്കിൽ വിനയത്തിൻെറയും അനുസരണത്തിൻെറയും പേരിൽ അവരെ പ്രശംസിക്കുന്നു. പുരുഷാധികാരത്തിൻെറ ഘടനകൾ സാഹിത്യനിരൂപണത്തെ എങ്ങിനെ സങ്കോചിപ്പിക്കുന്നു എന്നാണ് ഫെമിനിസ്ററ് നിരൂപണം അന്വേഷിക്കുന്നത്; അതിലൂടെ നിരൂപണവും ആൺപ്രത്യയശാസ്ത്രവുമായുള്ളബന്ധം തുറന്നുകാട്ടുകയും, ഭാഗികസത്യങ്ങൾ, മറവികൾ, മൗനങ്ങൾ, വൈരുധ്യങ്ങൾ—പ്രത്യയശാസ്ത്രം മറച്ചുവയ്ക്കുന്ന ഈ അംശങ്ങളെ പാഠത്തിൽ കണ്ടെത്തി വ്യാഖ്യാനിക്കുന്ന റൊളാങ്ബാർഥിൻെറയും, പിയെറി മാഷേറിയുടേയും രീതികൾ വ്യത്യസ്തമായൊരുലക്ഷ്യത്തോടെ ഫെമിനിസ്ററ് നിരൂപകർ പ്രയോഗിക്കുന്നു. നിലനിൽക്കുന്ന നിരൂപണത്തോട് സ്ത്രീയെ കൂട്ടിച്ചേർക്കുകയല്ല അവർ ചെയ്യുന്നത്; സ്ത്രീ കടന്നുവരുന്നതോടെ തന്നെ, നിലനിൽക്കുന്നനിരൂപണം അട്ടിമറിക്കപ്പെടുന്നു. സ്ത്രീകളുടെ ചരിത്രം, ചരിത്രത്തിലെ പഴയ യുഗവിഭജനങ്ങളെ ചോദ്യംചെയ്തപോലെതന്നെ, സ്ത്രീകളുടെ നിരൂപണം സാഹിത്യമേന്മയെക്കുറിച്ചുള്ള മാനദണ്ഡങ്ങളും സാഹിത്യചരിത്രത്തിലെ ഘട്ടങ്ങളെക്കുറിച്ചുള്ള ധാരണകളും മാററിയെടുക്കുന്നു. സാഹിത്യമാനദണ്ഡത്തെ തിരുത്തുന്നപാരായണങ്ങൾ നടത്തുന്നവരാണ് ഒരു കൂട്ടം ഫെമിനിസ്ററ് നിരൂപകർ (മില്ലെററ്, ജെയ്ൻവെ, ഹെയ്ൽബ്രൺ, കൊളോഡ്നി, ഫെറെറർലീ, ഗ്രിയർ തുടങ്ങിയവർ) മററുചിലർ അവഗണിക്കപ്പെട്ട എഴുത്തുകാരികളെ കണ്ടെത്തി ബദൽമാനദണ്ഡങ്ങൾ തേടുന്നു. (സ്പാക്സ്, ഗിൽബെർട്ടും ഗുബാറും, മോയേഴ്സ് വാക്കർ) ആദ്യത്തെതിനെ 'ഫെമിനിസ്ററ് വിമർശം' എന്നും രണ്ടാമത്തേതിനെ 'ഗൈനോ ക്രിട്ടിസിസം' എന്നുമാണ് ഷോവാൾടർ വിളിക്കുന്നത്. ആദ്യത്തേത് സാഹിത്യത്തിലെ സ്ത്രീചിത്രീകരണത്തിലെ യാഥാസ്ഥിതിക ധാരണകളും വിമർശനത്തിൽ സ്ത്രീകളെക്കുറിച്ചുള്ള അബദ്ധസങ്കല്പങ്ങളും സാഹിത്യചരിത്രത്തിലെ സ്ത്രീകളെസംബന്ധിച്ച വിസ്മൃതികളും പുറത്തുകൊണ്ടുവരുന്നു. രണ്ടാമത്തേത് സ്ത്രീയുടെ സർഗ്ഗാത്മകതയുടെ മനഃശാസ്ത്രവും സ്ത്രീരചനകളുടെ ഘടനകളും പ്രമേയങ്ങളും ശൈലികളും സാഹിത്യത്തിലെ സ്ത്രീപാരമ്പര്യത്തിൻെറ വളർച്ചയും നിയമങ്ങളും പഠനവിധേയമാക്കുന്നു. 'ഗൈനോ ക്രിട്ടിസിസം' നിരൂപണത്തിലെ ഒരിടത്താവളമാണെന്ന് ഗെയ്ൽഗ്രീനും കൊപ്പേലിയാകനും അഭിപ്രായപ്പെടുന്നുണ്ട്. ക്രമേണ സാഹിത്യത്തിലെ പുരുഷപാരമ്പര്യത്തെയും സ്ത്രീപാരമ്പര്യത്തെയും അവ തമ്മിലുള്ള പ്രതിപ്രവർത്തനത്തെ മുൻനിർത്തി പഠിക്കുന്ന കൂടുതൽ സമഗ്രമായ ഒരു നിരൂപണരീതി വികസിക്കുമെന്നാണ് അവരുടെ പ്രതീക്ഷ. സ്ത്രൈണാനുഭവം പാഠത്തിൽനിന്നു നേരിട്ടു കണ്ടെടുക്കാവുന്നതാണെന്ന ധാരണയെയും അവർ ചോദ്യം ചെയ്യുന്നുണ്ട്. ഭാഷയ്ക്കുമുമ്പേ നിലനിൽക്കുന്ന ഒരു വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുക മാത്രമേ സാഹിത്യം ചെയ്യുന്നുള്ളൂ എന്ന ധാരണ അതിനു പിറകിലുണ്ട്. വാസ്തവത്തിൽ ഭാഷയും പാഠവും പ്രത്യയശാസ്ത്രം എഴുതിച്ചേർത്ത അർത്ഥവ്യവസ്ഥകളാണ്. അവ യാഥാർത്ഥ്യത്തിൻെറ നിർമ്മാണത്തിൽ പങ്കെടുക്കുന്നുണ്ട്.

ആദ്യമുദ്ധരിച്ച ഐസാക്ദിനെസെന്നിൻെറ കഥയിലെ ഒഴിഞ്ഞ പേജ്—കറപുരളാത്ത വിരിപ്പ്—മററല്ലാവരെക്കാളും നന്നായി കഥപറയുന്നു. അതു സ്ത്രീയുടെ നിഷേധത്തെക്കുറിച്ച്, ഒരു പക്ഷേ അവൾക്ക് മരണശിക്ഷയ്ക്കോ മാനക്കേടിനോ കാരണമായിരിക്കാവുന്ന നിഷേധത്തെക്കുറിച്ച്, വാചാലമാകുന്നു. അതിൻെറ സാധ്യതകൾ തുറന്നുകിടക്കുന്നു. ആ സ്ത്രീ കന്യകയായിരുന്നോ? അതോ അവളെ പുണ്യവതിയായി പ്രഖ്യാപിച്ചതാണോ? അവൾ ഓടിപ്പോയതാണോ? അതോ വിവാഹരാത്രിയിൽ അറബിക്കഥകളിലെ ഷെഹരാസാദയെപ്പോലെ മുൻഗാമികളുടെ വിധിയിൽ നിന്നു രക്ഷപ്പെടാൻ കഥ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നോ? —സാദ്ധ്യതകളേറെയാണ്. അ

തിന്റെ ഉടമസ്ഥയ്ക്ക് പേരില്ലെന്നതും ശ്രദ്ധേയമാണ്. ഒരു രചനയ്ക്കും അന്തിമമായ ഒരർത്ഥമില്ലെന്നും അതെപ്പോഴും പുതിയ രീതിയിൽ വായിക്കപ്പെടാമെന്നും അതുകൊണ്ട് 'ഓഥർ' എന്നത് അനാവശ്യമായൊരു സങ്കല്പമാണെന്നും ആ നാമശൂന്യത സൂചിപ്പിക്കുന്നു.

സ്ത്രീവിമോചനത്തെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിന് ഹെലൻസിക്സസ് 'ചിരിയ്ക്കുന്ന മെഡൂസാ' എന്നു പേരിട്ടു. യവന പുരാണത്തിലെ 'മെഡൂസാ' എന്ന രാക്ഷസിയുടെ നോട്ടം വീരൻമാരെപ്പോലും കല്ലാക്കി മാററുമായിരുന്നു. ഇന്നു സ്ത്രീ നമ്മുടെ ലോകത്തെ വിമർശനദൃഷ്ടിയോടെ നോക്കിക്കാണുകയാണ്. പല വീരൻമാരും വെറും കല്ലുകളായിരുന്നെന്ന് അതു തെളിയിച്ചേക്കും. ബഹുഭാര്യാത്വം നിലനിന്ന ഒരു സമുദായത്തിൽ പ്രണയാഭ്യർത്ഥന നടത്തിയ കുററത്തിന് മൂക്കും, മുലയും ഛേദിക്കപ്പെട്ട ശൂർപ്പണഖ രാമായണത്തെ മുഴുവൻ തന്റെ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കും പോലെയാണത്; അല്ലെങ്കിൽ വസ്ത്രാക്ഷേപം ചെയ്യപ്പെട്ട പാഞ്ചാലി മഹാഭാരതത്തെ മുഴുവൻ തന്റെ അവമതിയുടെ പശ്ചാത്തലത്തിൽ വായിച്ചെടുക്കും പോലെ. ഫെമിനിസ്ററ് നിരൂപണം ഇത്തരമൊരു കാഴ്ചപ്പാടേടെ സാഹിത്യമൂല്യങ്ങളെയും സാഹിത്യചരിത്രത്തെയും വീണ്ടും കണ്ടെത്താൻ തുടങ്ങുകയാണ്. അതിന്റെ ഫലങ്ങൾ ദൂരവ്യാപകമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. □

---

# ബിഷപ്പ്മൂർ കോളേജിൽ സംഘടനയ്ക്ക് വിജയം

മാവേലിക്കര ബിഷപ്മൂർ കോളേജ് കൗൺസിലിലേയ്ക്കു നടന്ന വാശിയേറിയതെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ സ്ഥാനാർത്ഥികൾ വിജയിച്ചു.

പ്രൊഫ. പി. ജെ. ഉമ്മൻ, പ്രൊഫ. ജോസഫ് ജോൺ എന്നിവരാണ് വിജയികൾ.

---

# എ കെ പി സി ടി എ നിവേദനങ്ങൾ:

**യു. ജി. സി. : കാലതാമസം ഒഴിവാക്കുക.**

The Director of Collegiate Education,
Vikas Bhavan,
Thiruvananthapuram.

Sir,

Sub: Expediting the pay fixation of Private College Teachers Coming under the UGC (Seheme)and (Scales) Completion of placement of Teachers under the U.G.C. (Scheme) and dispensing with the unscientific procedure of countersigning Salary statements by the Dy. D. C. Es-Regarding.

We wish to bring the following for your immedlate consideration and early orders.

1 Though the U. G. C.Scheme was

implemented in the State nearly two years back (13-03-1990), we regret to point out that thework relating to pay fixation of private College teachers who come under the Scheme (52%) i not even half way through. The progressin this matter is at snail' space andat existing rate we are afraidthat the work will not be completed in the near future. We have represented the matter to the Government of Kerala and to your goodself many a time. Inspite of the directions issued by the Government and the Director of Collegiate Education to complete the fixation as a time schedule nothing much has happened. As you are also aware the teachers are agitated over this inordinate delay. We request you to take stock of the situation and to issue specific orders to the Dy. D. C. Es. to complete the pay fixation of all teachers coming under the scheme within a period of one month.

2 Even the work done relating to the placement of teachers coming under the scheme in many cases is incomplete. Many teachers retired after 01-01-1986 and placements in the scheme are to be effected against the vacancies occuring consequent on the retirement of teachers who got placements in the scheme. Where as placements were effected against the retirement vacancies in some Colleges the same is neglected in the case of some other Colleges. This shows that the procedure adopted by the different Dy. D. C.Es is not uniform. We therefore request you to issue specific instruction to the Dy. D. C. Es to adopt a uniform procedure for completing the placement of teacherswho come under the scheme on a date subsequent to 01-01-1986 caused by vacancies arising from death, retirement. long leave and resignations. We also reqest you to fix a time schedule of one month for the completion of the work.

3 Regarding the Pay fixation of teaehers who do not get placement in the scheme and who are eligible to get the benefits of the U.G.C. Scales as and when they complete 8/16 years of service, the authority for fixation is vested with the Dy. D.C.Es. But to our utter dismay the work is yet to commence. Under one pretext or other the pay fixation is kept delayed. In this respect we may be permitted to state that this is only the normal function of pay fixation since calculation of work load and consequent placement of teachers is not involved for the fixation of salary. We may also be permitted to point out that the private college teachers in the state alone are deprived of getting the benefits of the U.G.C. Scale/State pay revision of 01-07-1988. Since the work relating to the pay fixation as per the U.G C. Scales is not a complicated one we fail to understand the reason for the inordinate delay. Hence we request you to issue orders to the Dy. D.C.Es. to expedite the pay fixation of teachers coming under the 48% and to complete the same within 2 months, ie., atleast before the end of the financial year.

4 Teachers employed under the Corporate managements are transferred frequently. As per the existing rule arrears of salary or salary not claimed for want of approval or delay

in the passing of eligible leave applied for are to be claimed by the principal of the College where the teacher is currently working and to be countersigned by the concerned Dy. D.C.E. For claiming the arrear salary no claim certificate is to be issued by the Principal of the College where the teacher worked at that time, but not claimed. This no claim certificate is to be countersigned by the concerned Dy. D. C.E. This unscientific procedure involves delay and the teachers who are transferred from one college to another is denied of the arrear/leave salary. During the past it was agreed at the conferences to dispense with this procedure. But we are sorry to state that orders are not issued so far.

We request you to issue orders to the Dy.D.C.Es to dispense with the practice of countesrigning the no-claim certificate since it is not of much importance.

The private college teachers alone are yet to receive the benefits of the U.G.C. Scheme/Scales as well as the benefit of 1988 state pay revision. As you will also appreciate, the teachers have waited sufficiently long. Any further delay in the above matters will only help to worsen the situation. Hence we request you to be good enough to take stock of the situation and issue specific orders to complete the work relating to the above matters on a time-schedule, so that possible unrest can be avoided

Thanking you,

Yours faithfully,

Sd/-

T.N.RAMAN PILLAI

(General Secretary)

Thiruvananthapuram,
27-01-1992.

# ഗവ: ഉത്തരവുകൾ

## യു.ജി.സി: റീ–ഓപ്ഷൻ

Copy of G.O (Rt) No.45/92/H.Edn. dated 10-1-1992.

U.G.C. Scheme-Private College Teachers who have opted 60 years of age under Chapter III of University Statutes-Extenstion of UGC benefits-time limit for reoption-fixed further orders issued.

Read: 1. G O.(MS) No. 66:90/H.Edn. dt:3-3-90.
2. G.O.(MS) No.76/90/H.Edn. dt.23-3-90.
3. G.O.(P) No.79/90/H.Edn. dt:27-3-90,
4. G.O.(MS) No.80/90/H.Edn. dt:27-3-90.
5. G.O.(MS) No.135/91/H.Edn. dt:19-5-91.

ORDER

In the G.O. read as 5th paper above it was ordered that the teachers in Private Colleges who have opted for retirement at the age of 60 years under Chapter III of the University Statutes and who have not yet attained the age of 55 will be given a chance to re-opt to retire at the age of 55, if they so desire, to avail themselves of the U.G.C. Shceme/Scale of pay.

2 The Anomaly redressal Committee on the implementation of U.G.C, Scheme at the meeting held on 30-9-1991 has discussed the issue of teachers who

have opted 60 years in view of the representation received from Prof. C.Z. Scaria and Prof,C.J.Mannumood. The Committee is of the view that a time limit (ie.31-12-91) has to be fixed for obtaining re-option from the Private College teachers who have opted earlier to retire at the age of 60 years.

3 Government have examined the matter in detail and are pleased to fix a time limit (ie.15-2-1992) for obtaining re-option from the Private College teachers who have opted earlier to retire at the age of 60 years.

By Order of the Governor,

Endt.on U.G.C Cell.I(i)3163/92/Coll.Edn.
DATED:20-1-1992.

Copy Communicated to:

1. The Deputy Directors o Collegiate Educations.
2. The Principals of All Private Colleges.
3. All Seats in the U.G.C.Cell.
4. Accounts Officers U.G.C. Cell. and Pension.
5. Stock file.

ADDL.DIRECTOR OF
COLLEGIATE EDUCATION

---

UGC Cell I(i) 32674/90/Coll. Edn.

Directorate of Collegiate
Education, Vikas Bhavan,
Thiruvananthapuram.
Dated: 18-1-92.

CIRCULAR

Sub: Implementation of U.G.C.Scheme - fixation of pay under U.G.C. Scale for teachers under 48% category further instructions - issued.

Ref: 1 This office circular of even No. dt. 14-10-91.
2. G.O. (MS) No. 63/91/H.Edn. dt. 21-3-91.

It has come to the notice of the undersigned that the fixation of pay in respect of teachers under 48% category and who do not come to the scheme as on 1-1-86, is not in progress in the office of the Deputy Directors of Collegiate Education. It has been reported that they have doubts on certain points regarding the fixation of pay. Hence the following instructions are issued so as to make it eassier for the Deputy Directors to pursue the pay fixation work.

1. The pay of teachers coming under 48% category appointed up to 1-4-90, shall be fixed under appropriate U.G.C Scales as and when they complete 8/16 years of service.

2. The previous services if any rendered by teachers either in Government Colleges or in private colleges, including broken services can be counted for calculating qualifying service, provided the incumbent had not resigned from such previous post they had occupied. The Deputy Director of Collegiate Educations should satisfy themselves that such service is approved and duly verified.

3. In respect of teachers who are eligible for relaxation of one year or 3 years by virtue of possessing M.phil or ph.D degree for placement as Senior Grade Lecturer/Selection Grade Leturer, the date of award of degree by the Syndicae/senate shall be considered as the date of acquisition of such degree.

4. The period of underqualified or unqualified service rendered by teachers prior to their attaining required qualification need not be counted for calculating the length of service (8/16 years

under the U.G.C. Scheme or scale until receipt of Government clarification.

5 Separate option need not be obtained from teachers who come to the scheme after 1-1-86 from the scale as there will be no change in their pay or date of increment on coming under the UGC scheme ie, their pay will be same as notionally arrived under the U.G C. scale.

6. In the case of teachers whose pay has been fixed in a lower scale after 1-1 86 and are subsequently eligible for a higher scal such as Senior grade/selection grade on complettion of 8/16 years services, their pay in the higher grade shall also be fixed by the Deputy Director of Collegiate Education themselves and claims honoured.

7 The fixation of pay in respect of 48% category under the U.G.C. scale Will be finally done by the Deputy Directors of Collegiate Education themselves and they need not be sent to the Director of Collegiate Education for further verification and approvl.

8. The Deputy Directors of Collegiate Education may kindly note the fact that the UGC Scheme/Scale were ordered by Government on 27-3-90. It is almost 21 months since the scheme is introduced and the progress of pay under the scheme as well as scales are not at all encouraging. It is therefor requt ested that the fixation work is to be completed within the mnimum time limit. Separate progress report on the fixation of pay under the UGC Scales are also be sent to this office every week, starting from 20-1-92 in the proforma already prescribed for the weekly report of UGC scheme with necessary alteration.

Sd/-

ADDL.DIRECTOR OF
COLLGIATE EUCADTION.

---

( 4-ാം പേജിന്റെ തുടർച്ച )

ത്തുള്ള ഒരു കോളെജിൽ സേവനം പൂർത്തിയാക്കേണ്ടി വരില്ലായിരുന്നു- അധികാര സ്ഥാനീയരുടെ കാൽനഖേന്ദുമരീചികകൾ തലോടി സ്വാർത്ഥ താല്പര്യം സംരക്ഷിച്ചും സ്ഥാനമാനങ്ങൾ നേടിയും യഥാർത്ഥത്തിൽ 'ജീവിക്കുന്നവരുടെ' ഇടയിൽ തന്റേയും സഹജീവികളുടെയും മോചനത്തിനും ഉൽക്കർഷത്തിനും വേണ്ടി സംഘടനാ പ്രവർത്തനത്തിന്റെ കല്ലും മുള്ളും നിറഞ്ഞ പാത തെരഞ്ഞെടുത്ത ആർ. ആർ. സി ജീവിക്കാൻ മറന്നുപോയില്ലേ എന്ന് ശങ്കിച്ചുപോകുന്നു.

'81 ലെ യു ജി സി സമരത്തിന്റെ അന്ത്യത്തിൽ എത്രയേറെ ആരോപണ ശരങ്ങൾക്ക് ആർ. ആർ. സി വിധേയനായില്ല! സ്വന്തം അനുയായികളിൽ ചിലർ-അവർ നേതൃനിരയിൽ പെട്ടവരായിരുന്നു-അദ്ദേഹത്തെ അതിരൂക്ഷമായി ആക്രമിച്ചു. ഉദാരമനസ്കരായ അവർ **വി. സി.** പോസ്റ്റ് ഉൾപ്പെടെ എത്രയെത്ര സ്ഥാനങ്ങൾ ആർ. ആർ സി ക്കു കല്പിച്ചു കൊടുത്തു! സമരം തീർന്ന് ആഴ്ചകളും മാസങ്ങളും കൊഴിഞ്ഞുവീണപ്പോൾ അവരുടെ മുഖങ്ങൾ എന്തേ വിളറി ? തന്റെ സംഘടനയേയും തന്നിൽ വിശ്വാസമർപ്പിച്ചവരേയും സ്വാർത്ഥ ലാഭത്തിനു വേണ്ടി വഞ്ചിച്ച റബ്ബർ മനസാക്ഷിക്കാരനായ ഒരു മുൻ നേതാവിന്റെ പാത ആർ. ആർ. സി പിന്തുടരുമെന്ന് അവർ കരുതിയിരുന്നു. അല്ല, മോഹിച്ചിരുന്നു.

ഏതു പ്രതിയോഗിയേയും പ്രതികൂല സാഹചര്യത്തേയും നേരിടുന്നതിനുള്ള ആർ. ആർ. സി. യുടെ കഴിവ് അനിതര സാധാരണമായിരുന്നു. ഫാത്തിമാ കോളെജിനുമുമ്പിലും എൻ. എസ്. എസ്. ഹെഡ്ഓഫീസിനു മുമ്പിലും ഉയർന്ന സമര വേദികളിൽ മാനേജുമെന്റുകൾ ഇറക്കിയ വാടക ഗുണ്ടകൾ, അവരുടെ അസഭ്യവർഷം ഇവയുടെ മുമ്പിൽ പതറാതെ ഉറച്ചുനിന്ന ആർ. ആർ. സി. ഹെഡാഫീസ് ഗേറ്റിനുള്ളിൽ നിന്ന സമൂഹവിരുദ്ധർക്കും അവരുടെ പിന്നിലെ കറുത്ത ശക്തികൾക്കും നേരെ വിരൽ ചൂണ്ടി ഉഗ്രമായ താക്കീതു നല്കിയ ആർ ആർ. സി! ആർ. ആർ. സിയുടെ ആ ചിത്രം

ആ രംഗങ്ങൾക്ക് സാക്ഷികളായിരുന്നവരുടെ മനസ്സിൽ നിന്നും പെട്ടെന്നു മാഞ്ഞുപോകില്ല. ഇടയ്ക്കിടെ ഉണ്ടായ തിരിച്ചടികൾ അദ്ദേഹത്തെ വിഹ്വല ചിത്തനാക്കിയില്ല. തികഞ്ഞ ആത്മവിശ്വാസത്തോടെ തന്റെ അനുയായികളെ അദ്ദേഹം എന്നും നയിച്ചിരുന്നു.

ആർ. ആർ. സി. യുമായുള്ള നിമിഷങ്ങളുടെ, ഏറിയാൽ ചില്ലറ മിനിട്ടുകളുടെ ദൈർഘ്യം മാത്രമുള്ള പരിചയത്തിനും ആർ. ആർ സിയുടെ ശിഷ്ട ജീവിതത്തിന്റെ ദൈർഘ്യമുണ്ടാകും. ഒരിക്കൽ മാത്രം താൻ കണ്ടുമുട്ടിയിട്ടുള്ള, സംസാരിച്ചിട്ടുള്ള ഒരുവനെ വർഷങ്ങൾക്കുശേഷം കണ്ടു മുട്ടുമ്പോൾ അയാളുടെ പേരെടുത്തു പറഞ്ഞുകൊണ്ട് സംസാരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു എന്നത് വളരെ വിസ്മയകരമാണ്.

ഒരു വാഗ്മി എന്ന നിലയിൽ ആർ. ആർ. സി. വളരെ ശ്രദ്ധേയനായിരുന്നു. സർക്കാരുമായും മാനേജുമെന്റുമായുമുള്ള ചർച്ചകളിൽ എന്നല്ല സംഘടനയുടെ യോഗങ്ങളിൽ പോലും തന്റെ വാദഗതികൾ തികഞ്ഞ വ്യക്തതയോടെ, ശക്തിയുക്തം അവതരിപ്പിക്കുന്നതിലും അദ്ധ്യാപക താല്പര്യത്തിനു നിരക്കാത്ത വാദഗതികളെ എതിർത്തു പരാജയപ്പെടുത്തുന്നതിലും ആർ. ആർ. സി. പ്രകടിപ്പിച്ചിരുന്ന പാടവം അസൂയാവഹമായിരുന്നു. പ്രതിയോഗികളുടെ പോലും മതിപ്പും ആദരവും പിടിച്ചുപററാൻ പോന്ന അദ്ദേഹത്തിന്റെ വാഗ്വിലാസം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാററുകൂട്ടിയിരുന്നു. മാനേജർമാരുടെ ക്ഷയിച്ചുകൊണ്ടിരുന്ന ശക്തിപ്രതാപങ്ങളെ പരാമർശിച്ച് 'പാണ്ടൻ നായുടെ പല്ലിനു ശൗര്യം...'കോടതിവിധികളിലൂടെ വികൃതമാക്കപ്പെട്ട സർവകലാശാലനിയമത്തെ പരാമർശിച്ച് ''കരചരണങ്ങൾ വിച്ഛേദിക്കപ്പെട്ട വാസവദത്ത...''തുടങ്ങിയ അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ ആ വാഗ്വിലാസത്തിന്റെനിദർശനങ്ങളാണ്. ആർ. ആർ. സി. എന്ന പോരാളിയുടെ ആവനാഴിയിൽ വാക്ശരങ്ങൾക്ക് ഒരിക്കലും പഞ്ഞമുണ്ടായിരുന്നില്ല.


കാലത്തിന്റെ ചുവരെഴുത്തു വായിച്ച ആർ. ആർ. സി. ഒററപ്പെട്ട വർഗ്ഗ സമരങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരുന്നത് കണ്ടറിഞ്ഞു. സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും കൂട്ടായ മുന്നണി അഥവാ വേദി എന്ന ആശയം അങ്ങനെ രൂപം കൊണ്ടു. അധ്യാപക സർവീസ് സംഘടനാ ഐക്യ വേദിയുടെ രൂപീകരണത്തിൽ ആർ. ആർ. സി. വഹിച്ച പങ്ക് നിസ്തുലമാണ്. എൺപതുകളുടെ രണ്ടാം പാദത്തിൽ നടന്ന പ്രക്ഷോഭസമരങ്ങളുടെ തിളക്കമാർന്ന വിജയങ്ങൾക്കുപിന്നിലെ രഹസ്യം ഇതായിരുന്നു. '81 ലെ യു ജി സി സമര കാലത്ത് ചുമട്ടുതൊഴിലാളികൾ കോളേജദ്ധ്യാപകർക്കു യു ജി സി ശമ്പളം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രകടനങ്ങൾ നടത്തിയത് ഓർത്തുപോകുന്നു.

നേതാക്കന്മാർ സ്വയം ഉണ്ടാകുന്നില്ല. ഉണ്ടാക്കപ്പെടുന്നതേയുള്ളു. സമരാങ്കണങ്ങളിലും സമ്മേളനവേദികളിലും ഏതു സംഘടനാപ്രവർത്തകനും അനുഷ്ടിക്കുന്ന എത്ര നിസ്സാരമായ സേവനവും ആർ. ആർ. സി. ശ്രദ്ധിച്ചിരുന്നു.എന്നു മാത്രമല്ല, അത് അംഗീകരിക്കാനും അയാളെ തോളിൽ തട്ടി അനുമോദിക്കാനും പ്രോത്സാഹിപ്പിക്കാനും ആർ. ആർ. സി. സമയം കണ്ടെത്തുകയും ചെയ്തിരുന്നു.

ആർ. ആർ. സി. ഇന്ന് സജീവസാന്നിദ്ധ്യമല്ല. അദ്ദേഹം ചരിത്രത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. മറെറല്ലാററിനുമെന്നപോലെ അക്ഷരങ്ങൾക്കും വാക്കുകൾക്കും മൂല്യശോഷണം സംഭവിച്ചിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ ആർ. ആർ. സി. എന്ന പേരിനോടെപ്പം ചേർക്കാവുന്ന വിശേഷണങ്ങൾക്കും പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. സ്വന്തം പദവിയും, സ്ഥാനമാനങ്ങളും നിലനിർത്തുന്നതിനുള്ള പരക്കം പാച്ചിലിനിടയിൽ ജീവൻ നഷ്ടപ്പെട്ടുപോകുന്ന 'രക്തസാക്ഷി'കളുടെ സ്പന്ദിക്കാത്ത അസ്ഥിമാടങ്ങളിൽ പുഷ്പാർച്ചനകളും സമൂഹ പ്രാർത്ഥനകളും ഇനിയും നടക്കും. ചരിത്രം പ്രതികൂട്ടിൽ നിർത്തുന്നവരുടെ സ്മരണ ശാശ്വതമാക്കുന്നതിനുവേണ്ടി ഇനിയും പ്രതിമകൾ ഉയർന്നുവരും. പ്രസംഗങ്ങളും പ്രഖ്യാപനങ്ങളും ഇനിയും ഉണ്ടാകും.

ആർ. ആർ. സി. യുടെ സ്മരണ ശാശ്വതമാക്കാൻ ഇവയൊന്നും വേണ്ട. സ്വകാര്യ കോളേജദ്ധ്യാപകരുടേയും സംഘടിത പ്രസ്ഥാനങ്ങളിൽ വിശ്വസിക്കുന്നവരുടെയും ഹൃദയങ്ങളിൽ അദ്ദേഹം സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു.

# ഡോക്ടറേററ് നേടി



## എസ്. വി. സുധീർ

'കേരളത്തിലെ വിനോദസഞ്ചാരത്തിൻെറ പ്രശ്നങ്ങളും സാധ്യതകളും' എന്ന വിഷയത്തെ അസ്പദമാക്കി തയ്യാറാക്കിയ പ്രബന്ധത്തിന് കേരളായൂണിവേഴ്സിററിയിൽ നിന്നും ഡോക്ടറേററ് നേടിയ എസ്. വി. സുധീർ എ കെ പി സി ടി എ യുടെ സജീവപ്രവർത്തകനായ സുധീർ ചേർത്തല എസ്. എൻ. കോളേജ് കോമേഴ്സ് വിഭാഗം അധ്യാപകനാണ്.



## ഉമാ. ബി. നായർ

ചേർത്തല എസ്. എൻ. കോളേജ് ഹിന്ദിവിഭാഗം അധ്യാപിക പ്രൊഫ. ഉമാ.ബി.നായർ കൊച്ചിൻ യൂണിവേഴ്സിററിയിൽ നിന്നും ഡോക്ടറേററ് ബിരുദം നേടി 'പ്രേംചന്ദിനുശേഷമുള്ള ഹിന്ദിനോവലുകളിലെ സ്ത്രീ കഥാപാത്രങ്ങൾ' എന്നവിഷയത്തെ ആസ്പദമാക്കിയുള്ളതാണ് ഗവേഷണ പ്രബന്ധം.

പ്രൊഫ. ഉമാ .ബി. നായർ എകെപിസിടിഎ യുടെ സജീവാംഗമാണ്.

---

# കൗൺസിൽ തിരെഞ്ഞടുപ്പ്<br>എകെപിസിടിഎയ്ക്ക് വിജയം

പുനലൂർ എസ്. എൻ. കോളേജ് കൗൺസിലിലേക്ക് 7-2-92-ൽ നടന്ന വാശിയേറിയതിരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികളായ ശ്രീ. കെ. ഗോപാലകൃഷ്ണനും ശ്രീ. കെ.പി.പ്രസാദും വൻപിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു.

# പന്തളം കോളേജ്

പന്തളം എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികളായ ഡോ. ആർ ശിവരാമകൃഷ്ണൻ നായർ, പ്രൊഫ. എൻ. ഗോപാലകൃഷ്ണൻ നായർ, പ്രൊഫ. ജി ബാലകൃഷ്ണൻ എന്നിവർ വിജയിച്ചു.

# യു.ജി.സി. സ്കെയിൽ ഫിക്സേഷൻ ത്വരിതപ്പെടുത്തുക: നിവേദനങ്ങൾ

14-1-1992.

The Additional Director of Collegiate Education,
D.C.E. Office,
Thiruvananthapuram.

Dear Madam,

We wish to bring the following for your consideration and early orders.

Government of Kerala on 27-3-1990 implemented the UGC Scales of pay to the 48% category of college teachers who do not come under the scheme and who have completed 8 years service.

We have been representing to the Government as well as the Director of Collegiate Education to finalise the fixation of pay of these teachers within a time schedule. Though nearly two years have elapsed, we regret to inform you that no step has been initiated by the Deputy DCEs to fix the pay of these teachers inspite of the fact that we have resorted to all forms of democratic protests, except indefinite strike. We understand that the Director of Collegiate Education has issued directions to the Deputy Directors of Collegiate Education to finalise the fixation of these teachers immediately (Ref : Circular dt. 6-4-1991, 14-10-1991 etc.) These also have not resulted in any material change in the attitude of the Dy. DCEs. I request you to be good enough to direct the Deputy Directors of Collegiate Education to finish of the entire work of fixation of pay of these teachers within a period of two months, failing which we shall be constrained to resort to direct action.

Yours faithfully,
T.N.Raman Pillai.

14-1-1992.

To
The Additional Director of Collegiate Education.
D C E Office,
Vikas Bhavan,
Trivandrum.

Dear Madam,

We request you to be good enough to issue directions to the Deputy Directors of Collegiate Education in respect of the following points.

1. In the case of teachers coming under 48% category (UGC Scale) and who subsequently get placements in the UGC Scheme after 1-1-1986, their pay shall be initially fixed in the scale and fixation may be given in the scheme from the date on which they become eligible for such placements allowing notional increment. No fresh option and fixation forms are required while fixing the pay under the scheme. They will be eligible for increments on the normal date as envisaged in the UGC Scales / Schemes.
2. For those teachers who come under UGC scheme and whose pay have been fixed initially in a lower scale

and who become eligible for the higher grade Lecturer Senior Scale/ Lecturer Selection Grade on a date after 1-1-1986, their pay in the higher also shall be fixed by the Deputy DCEs.

3. Teachers who are eligible for relaxation from 8/16 years, of 1 year or 3 years by virtue of having obtained M.Phil or Ph.D. degree, the date of award of the degree (the date on which the Syndicate decide to confer the degree) shall be the date on which they become eligible.

Yours faithfully,
T.N.Raman Pillai
(General Secretary).

# ജില്ലകളിൽ നിന്ന്

## കൊല്ലം: കെട്ടിടഫണ്ടുപിരിവ് ഉടൻ പൂർത്തിയാക്കും

എ.കെ.പി.സി.ടി.എ. കൊല്ലം ജില്ലാ കൗൺസിൽ യോഗം കെട്ടിടഫണ്ടുപിരിവ് മാർച്ചിനുമുമ്പ് പൂർത്തിയാക്കാൻ തീരുമാനിച്ചു. ജനുവരി 10-ന് കൂടിയ യോഗത്തിൽ പ്രൊഫ. വിജയൻപിള്ള അധ്യക്ഷത വഹിച്ചു. സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പുനലൂർ കോളജ്, നിലമേൽ കോളേജ് എന്നിവിടങ്ങളിൽ കെട്ടിടഫണ്ടുപിരിവ് പൂർണ്ണമായി. ശാസ്താംകോട്ട കോളേജിൽ നിന്നും പതിനാലായിരം രൂപ നല്കിക്കഴിഞ്ഞു. മാർച്ചിൽ പതിനായിരം രൂപ കൂടി നല്കുന്നതാണ്. മററു കോളേജകളിലെ പിരിവ് പകുതിയിൽ കൂടുതൽ കഴിഞ്ഞിട്ടുണ്ട്. മാർച്ച് ആകുന്നതോടെ പൂർത്തിയാകും.

സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി ജില്ലാ സമ്മേളനവും ബ്രാഞ്ചുസമ്മേളനങ്ങളും വിപുലമായ തോതിൽ നടത്താൻ യോഗം തീരുമാനിച്ചു. യു.ജി.സി. സ്കെയിൽ ഫിക്സേഷനിൽ കാലതാമസം വരുന്നതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

യോഗത്തിൽ സംസ്ഥാന സെക്രട്ടറി പ്രൊഫ. കെ. ഹരിദാസ് പങ്കെടുത്തു. സർവ്വശ്രീ ഒ. ജോർജ്, യോഹന്നാൻകുട്ടി, റഹീം, നാഗേന്ദ്രകുമാർ, ജെ.വി.പണിക്കർ, സി.കെ. ഗോപി, രാധാകൃഷ്ണപിള്ള, സുബ്രഹ്മണ്യം, രവിചന്ദ്രൻ, ഹരിലാൽ, അനിൽകുമാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## തിരുവനന്തപുരം: ജില്ലാസമ്മേളനം മാർച്ച് 8ന്

എ കെ പി സി ടി എ തിരുവനന്തപുരം ജില്ലാസമ്മേളനം മാർച്ച് എട്ടിന് നടത്താൻ തീരുമാനിച്ചു. ജില്ലാകൗൺസിൽ യോഗം ജനുവ 10 ന് പ്രസിഡൻറ് പ്രൊഫ. ഡി. തോമസിൻെറ അധ്യക്ഷതയിൽ സംസ്ഥാനകമ്മററി ഓഫീസിൽ ചേർന്നു. സംസ്ഥാന സമ്മേളനത്തിൻെറ മുന്നോടിയായിട്ടുള്ള ജില്ലാസമ്മേളനം പരമാവധി അധ്യാപകരെ പങ്കെടുപ്പിച്ച് നടത്തണമെന്ന് നിശ്ചയിച്ചു. ബ്രാഞ്ചു സമ്മേളനങ്ങളും അതിനുമുമ്പുനടത്തണമെന്നും നിശ്ചയിച്ചു.

പരീക്ഷാപ്രതിഫല കുടിശിക നൽകാൻ യൂണിവേഴ്സിററി കാലതാമസം വരുത്തുന്നതിൽ യോഗം പ്രതിഷേധിച്ചു. യൂണിവേഴ്സിററിക്കുമുമ്പിൽ ഈ ആവശ്യം മുൻനിർത്തി ധർണനടത്താനുള്ള പ്രവർത്തകസമിതി തീരുമാനം സെക്രട്ടറി പ്രൊഫ. മോഹൻകുമാർ അറിയിച്ചു. ധർണയിൽ കൂടുതൽ അധ്യാപകരെ പങ്കെടുപ്പിക്കണമെന്നും യോഗം തീരുമാനിച്ചു.

# U. G. C. Scales of pay and Income Tax

P. Haridasan, Secretary, AKPCTA

The Government of Kerala have introduced UGC scheme and the revised scales of pay for the teachers of Universities and Colleges with effect from 1-1-1986. The teachers coming under the scheme would get the monetary benefit from the date of its introduction whereas those who come under the scale would receive the monetary benefit only with effect from 1-4-1990.

The teachers who come under the scheme have started receiving their salary under the revised UGC scale right from the beginning of this academic year. As such a vast majority of teachers have been brought under the ambit of Income Tax. A large number of teachers who were hither to not assessees under the Income Tax Act, would have to pay tax on receipt of salary at the enhanced rate in UGC scales. They are now facing two important problems as to how tax would be calculated with regard to

(I) their current salary during the year 1991-92

(2) Arrears of salary due either from 1-1-1986 or from 1-4-1990 as the case may be.

**Current Salary Income:-** Teachers, whose taxable income exeeds Rs. 22000 may have to pay income tax, if they do not have enough savings. The procedure for the calculation of Income Tax on salary income is clearly given in Annexure I.

**Arrears of Salary:-** When arrears of salary is received along with the current salary the tax on the total income would be a huge amount. Here the teachers can seek relief under section 89(I) of the Income Tax Act, 1961. Relief should be worked out in accordance with the Procedure prescribed in Rule 21 A (2) of the income Tax Rules.

**Computation of Relief (Rule 21 A (2))**

(i) Calculate the tax on total income of the previous year in wihch additional salary ie salary in arrears is received.

(ii) Calculate the tax on total income as reduced by additional salary of the previous year.

(iii) From the amount arrived at serial No.(i) deduct the amount arrived at serial No.(ii) to arrive tax on additional salary.

(iv) Ascertain the previous years to which the additional salary relates and add the respective amount(s) of additional salary in respect of each of such previous years.

(v) Calculate the tax on total income as increased by the relevant additional salary in respect of each of such previous years.

(vi) Calulate the tax on the total income (without the additional salary) of each of the said previous years.

(vii) From the amount arrived at serial No.(v) deduct the amount arrived at serial No. (vi), to calculate aggregate tax on additional salary.

(viii) The relief under section 89(1) is the difference of (iii) and (vii). No relief is however admissible if tax computed at (iii) is less than tax computed at

(vii) In such case the assessee need not apply for relief.

Now there may arise a doubt as to whether the teachers can claim the benefit of standard deduction for each year at the ehanced rate while income is spread over for earlier years, for claiming relief under Sec. 89(1). The teachers may also want to know whether they can claim the benefit on contribution towards PF (impounding of arrear salary towards PF for earlier years) while recomputing tax for the purpose of claiming relief U/S 89 (1). So far as standard deduction is concerned, the teachers can take into acount the rates applicable for each year while re-computing total income. As regards compulsory impounding of PF, whether it can be taken to the respective years, while income is spread over, is still a disputed problem. The only silver lining in this regard is the decision of the Income Tax Appellate Tribunal in the case of R.J Babu VS second IncomeTax officer(1991) 94 CTR (Trib) (Madras) 296 wherein it was held that the arrears of salary compulsorly impounded towards PF can be taken to the respective years for the purpose of re-Computing total income. But this should require further clarification from CBDT.

Teachers are requested to make use of the forms in Annexure II, III and IV while claiming relief u/s 89(1). The rates of tax effective from 1985-86 to 1992-93 are given in Annexure V. Table showing standard deductions for the AY 1985-86 to 1992-93 are givein Annexure VI. Details regarding deductions u/s 80 C (old) are given in Annexure VII.

## ANNEXURE I

### STATEMENT OF INCOME FOR THE YEAR 1991-92
### (Assessment Year 1992-93)

1. Name and Designation :
2. Pay as on 01-03-91 :
3. Probable income from salary duriug 1991-92 including all allowances :
   (a) Salary (Pay + DA+HRA)+ CCA if any :
   (b) Bonus/Festival allowance :
   (C) Arrears of DA, Salary etc :
   (d) Any other item(specify) :
4. Exempted items U/S 10 included in item 3 above ;
   (a) Exemption for HRA U/S 10 (13 A) as least of :
   (i) HRA received :
   (ii) Rent paid in excess of 10% of salary :
   (iii) 40% of Salary (Rent paid Rs.................)
   (b) Exempted allowances if any (Specify) :
5. Balance (3—4) :
6. (i) Standard deduction (33.3 % of item 5 or Rs- 12000 whichever is less) :
   (ii) Proffession Tax Paid :
7. Balance (5—6)
8. Deduction under Chapter vi A
   (i) 80 CCA (NSS., Jeevan Dhara, & Jeevan Akshay plans of LIC are eligible items. Maximum deduction admissible Rs.40000/—). please indicate amount proposed to be deposited during 1991-92 :
   (ii) 80 CCB- (Deduction in respect of investment in Units under Equity Linked Savings Schemes upto a maximum Rs. 10000/=)

9. Total income i.e. taxable income Rs.
(Rounded of to nearest multiple of ten rupees)
Income tax due thereon Rs. :

10. Rebate of Income Tax on L.I.P, PF etc. under Chapter VIII :
(i) Relief U/S 88 (All items under former Sec 80 Care eligible. Maximum qualifying amount Rs. 50000 :
Contribution to
(a) PF :
(b) LIP (Policy No) :
(c) PLI ( do ) :
(d) ULIP :
(e) 10/15 years CTD :
(f) Refund of HBL (Construction completed after 31-3-87 or House purchased after that date) :
(g) NSC :
(h) Interest on NSC VI series (Amount and year of deposit to be specified)
(i) Any other (Specify)
Total Amount
(Rebate 20% subject to maximum Rs. 10000) :
(ii) Relief under section 89 (1) :

11: Balance Tax payable :
(Rounded off to nearest rupee)
Surcharge on IT under 11 if the total income at 9 exceeds Rs. 75000/=12%)

## ANNEXURE II

Form 10 E

## FURNISHING PARTICULARS OF INCOME U/S 192(2A)

'FORM No. 10 E'

(See rule 21 AA)

Form for furnishing particulars of Income under section 192(2A) for the year ending 31st March, 19.........for claiming relief under section 89(1) by a Government Servant or an employee in a public sector undertaikng

1. Name and address of the employee :
2. Permanent account Number :
3. Residential status :

Particulars of income referred to in rule 21 A of the Income—Tax Rules, 1962, during the previous year relevant to assessment year

1: (a) Salary received in arrears or in advance in accordance with the provisions of sub—rule (2) of rule 21 A
(b) Payment in the of nature gratuity in respect of past services, extending over a period of not less than 5 years accordance with the provisions of sub—Rule (3) of rule 21 A :
(c) Payment in the nature of Compensation from the employer or former employer at or in connection with termination of employment after continuous service of not less than 3 years or where the unexpired portion of term of employment is also not less than 3 years in accordance with the provisions of sub—rule (4) of rule 21A, :
(d) Payment in commutation of pension in accordance with the provisions of sub—rule (5) of rule 21 A. :

2. Detailed particulars of payments referred to above may be given in Annexure I, II, IIA, III or

IV, as the case may be

Signature of the employee

Verification

I,............................ do hereby declare that what is stated above is true to the best of my knowledge and belief.

Verified today, the.........day of......... 19........

Signature of the employee.

Place:

Date:

1. Inserted by the II(Eight Amdt.) Rules, 1987.

ANNEXURE III

Form 10E

INCOME TAX RULES, 1962.

ANNEXURE I

(See item 2 of Form No. 10E)

Arrears or advance salary

1. Total income (excludingsalary received in arrears or advance)
2. Salary received in arrears or advance.
3. Total income (as increased by salary received in arrears or advance). (Add item 1 and item 2)
4. Tax on total income (as per time 3) :
5. Tax on total income (as per item 1)
6. Tax on salary received in arrears or advance (Difference of item4 and item 5) :
7. Tax computed in accordance with table "A" (Brought from column 7 of Table "A") :
8. Relief under section 89(1) (Indicate the difference between the amounts mentioned aginst items 6 and 7)

(*See annexure IV in page 29*)

ANNEXURE V

TABLE SHOWING THE RATES OF TAXES FOR INDIVIDUALS AY 1985 - 86 TO 1992 - 93

| Taxable Income | | ASSESSMENT YEAR |
|---|---|---|
| | | 1985 - 86 |
| Rs. | Rs. | Rs. |
| Below | 15000 | NIL |
| 15001 to | 20000 | 20% |
| 20001 to | 25000 | 1000+25% |
| 25001 to | 30000 | 2250+30% |
| 30001 to | 40000 | 3750+35% |
| 40001 to | 50000 | 7250+40% |
| 50001 to | 60000 | 11250+45% |
| 60001 to | 70000 | 15750+45% |
| 70001 to | 85000 | 20250+50% |
| 85001 to | 100000 | 27750+50% |
| Exceeding | 100000 | 35250+55% |

| Rs. | Rs. | 1986 - 87 & 87 - 88 Rs. IT Rs. | SC | 1988-89 & 89-90 Rs. IT Rs. | SC | 1990-91 Rs. IT Rs. | SC | 1991-92 & 92-93 Rs. IT Rs. | SC |
|---|---|---|---|---|---|---|---|---|---|
| Below | 18000 | NIL | NIL | NIL | NIL | NIL | NIL | NIL | NIL |
| 18001 to | 22000 | 25% | NIL | 25% | NIL | 20% | NIL | NIL | NIL |
| 22001 to | 25000 | 1000+25% | NIL | 1000+25% | NIL | 800+20% | NIL | 20% | NIL |
| 25001 to | 30000 | 1750+30% | NIL | 1750+30% | NIL | 1400+30% | NIL | 600+20% | NIL |
| 30001 to | 50000 | 3250+30% | NIL | 3250+30% | NIL | 2900+30% | NIL | 1600+30% | NIL |
| 50001 to | 75000 | 9250+40% | NIL | 9250+40% | 5% | 8900+40% | 8% | 7600+40% | NIL |
| 75001 to | 100000 | 19250+40% | NIL | 19250+40% | 5% | 18900+40% | 8% | 17600+40% | 12% |
| Exceed- | 100000 | 29250+50% | NIL | 29250+50% | 5% | 28900+50% | 8% | 27600+50% | 12% |

Note:- (1) For the AY 1985-86 surcharge will be calculated on the amount of Tax.@ 12.5%

(2) The prescribed slab - rate (of tax) is to be calculated on the amount by which the total income exceeds the immediately preceeding Slab:

(3) IT = Income Tax, SC = Surcharge.

## ANNEXURE VI

### TABLE SHOWING THE STANDARD DEDUCTION FOR THE AY 1985-86 to1992-93

| | | |
|---|---|---|
| 1985 — 86 | 25% | of salary or Rs. 6000 whichever is less. |
| 1986 — 87 | 25% | of salary or Rs. 6000 whichever is less. |
| 1987 — 88 | 30% | of salary or Rs. 10000 whichever is less. |
| 1988 — 89 | 30% | of salary or Rs. 10000 whichever is less. |
| 1989 — 90 | 33.3% | of salary or Rs. 12000 whichever is less. |
| 1990 — 91 | 33.3% | of salary or Rs. 12000 whichever is less. |
| 1991 — 92 | 33 3% | of salary or Rs. 12000 whichever is less, |
| 1992 — 93 | 33.3% | of salary or Rs. 12000 whichever is less. |

## ANNEXURE VII

**Deduction Under Section 80 C**

Qualifying Amount (QA)

Rs. 40000 or actual sum saved whichever is less.

Items that are usually included.

(1) Contribution towards PF

(2) LIC premium paid.

(3) 10/15 years CTD in Post Office

(4) Contribution towards PPF

(5) Amount paid under ULIP

(6) Amount invested in NSC VI & VII issue.

(7) PLI premium paid.

(8) FBS, GI

(9) Repayment of loan for the purchase, constuction etc. of House (max: Rs.10000)

The amount of deduction to be effected from the salary income shall be calculated as follows.

First Rs. 6000 of the QA Fully exempted.

Next Rs. 6000 of the QA 50% exempted.

Balance of the QA 40% exempted.

With effect from the assessment year 1991-92 (previous year 1990-91)

# FURNISHING PARTICLARUS OF INCOME U/S 192 (2A)

TABLE "A"
(See item 7 of Annexure I)

| Previous year (s) | Total income of the relevant previous year. | Salary received in arrears or advance relating to the relevant previous year as mentioned In column (1) | Total income (as increased by salary received in arrears or advance) of the relevant previous year mentioned in column I (Add columns (2) and (3). | Tax on total income (as per column (2) | Tax on total income (as per column (4) | Difference in tax (Amount under column 6 minus amount under column (5) |
|---|---|---|---|---|---|---|
| | (Rs.) | (Rs.) | (Rs.) | (Rs.) | (Rs.) | (Rs.) |
| 1 | 2 | 3 | 4 | 5 | 6 | 7 |

Note: In this Table details of salary received in arrears or advance relating to different previous years may be furnished.

---

this stction will not be admirable. It has been replaced by a scheme of tax rebate U/S 88 of the IT Act.

Rebate of tax U/S 88 w.e.f. the AY 1991-92

Shall be 20% of the aggregate of the eligible investmesnts (given above under sce. 80 C (Old), but restricted to Rs. 10000. Thus the maximum amount of investment that can be made for the purposeof getting rebate is Rs. 50000.

kerala private college teacher
monthly journal of the all Kerala private college teachers' association
No. 103 R. No. 36025/81 Registered No. KLTV (N) 35

# AKPCTA

## 34-ാം

# സംസ്ഥാന സമ്മേളനം

# ആലപ്പുഴയിൽ

## 1992 മാർച്ച് 20,21,22

വിദ്യാഭ്യാസ–സാംസ്കാരിക
സമ്മേളനങ്ങൾ
യാത്രഅയപ്പ്
ക്ഷേമനിധിവിതരണം
വമ്പിച്ച അധ്യാപകപ്രകടനം

Printed and published by V. narayanankutty at chempaka printers
trivandrum- 4 phone: 442127 chief editor: K. Sukumaran nair